# HIGHRANGE ECHO

**ബ്രദറൺ ഗോസ്പൽ ടീമിന്റെ മുഖപത്രം**

2012 ജനുവരി | Reg. No. 29542/76 | പുസ്തകം 35, ലക്കം 1



പൂമുഖം

## സാത്താന്റെ മുമ്പിൽ തല കുനിക്കരുത്

**യാ**തൊരു തിന്മയോടും ഒത്തുതീർപ്പുണ്ടാക്കാതെ ഉത്തമമായ ജീവിതം നയിക്കുന്ന ചില ഭക്തന്മാർക്കു കഷ്ടതകളിലും വേദനകളിലും രോഗപീഡകളിലും ദാരിദ്ര്യദുഃഖത്തിലും കൂടി കടന്നുപോകേണ്ടിവരുന്നതു നാം കണ്ടിട്ടുണ്ടല്ലോ. അതേസമയം ധനവും സ്ഥാനമാനങ്ങളും ആർജിക്കുവാൻ വേണ്ടി ഏതു തിന്മയോടും പൊരുത്തപ്പെട്ടു ലോകത്തിന്റെ ഒഴുക്കിനൊത്ത് നീങ്ങുന്നവരുണ്ട്. അവർ വെള്ളവും വളക്കൂറുമുള്ള മണ്ണിൽ വേരൂന്നി തഴച്ചു വളരുന്ന വൃക്ഷം പോലെ അല്ലലെന്തെന്നറിയാതെ ജീവിക്കുന്നു. ജീവിക്കുവാൻ പഠിച്ചവർ എന്നു ചിലർ ഇവരെ വിശേഷിപ്പിക്കാറുണ്ട്.

നന്മയെ പിന്തുടരുന്നവർ കഷ്ടതകളും ദൂരിതങ്ങളും അനുഭവിക്കുന്നു. തിന്മയും വക്രമാർഗങ്ങളും അവലംബിക്കുന്നവർ തഴച്ചു വളരുന്നു. ഇതൊരു വിരോധാഭാസമല്ലേ? പലർക്കും ഉത്തരം കിട്ടാത്ത പ്രശ്നമാണത്.

ലിയോണാൾഡ് ഗ്രിഫിത്ത്സ് എന്ന ഗ്രന്ഥകാരൻ ഉദ്ധരിച്ച ഒരു കഥയുണ്ട്. അമേരിക്കയിലെ ഒരു വലിയവ്യാപാരശാലയുടെ സെയിൽ മാനേജരായിരുന്ന ഒരാളിന്റെ കഥയാണിത്. വമ്പിച്ച ശമ്പളവും വലിയബംഗ്ലാവും, കാറും എല്ലാ ജീവിത സൗകര്യങ്ങളും സമൂഹത്തിൽ സമുന്നതമായ സ്ഥാനവും ഉണ്ടായിരുന്ന അദ്ദേഹത്തോട് ഒരിക്കൽ ആ വ്യാപാര ശാലയുടെ ഉടമസ്ഥൻ ഇങ്ങനെ പറഞ്ഞു " നമ്മുടെ ഒന്നാം തരം ഉൽപന്നങ്ങളോടൊപ്പം ചില്ലറ അറ്റകുറ്റങ്ങളുള്ള രണ്ടാംതരം ഉൽപന്നങ്ങളും ചേർത്തു വിറ്റു മുതലാക്കണം.

സത്യസന്ധനായ മാനേജർക്ക് ഈ നിർദ്ദേശം അനുസരിക്കാൻ കഴിയുമായിരുന്നില്ല. അദ്ദേഹം മുതലാളിയുടെ മുഖത്തുനോക്കി "അതു ശരിയല്ല" എന്നു പറഞ്ഞു. " നിങ്ങൾക്കു ജോലി വേണമെങ്കിൽ ഞാൻ പറയുന്നതുപോലെ ചെയ്യണം. മുതലാളിക്കു യാതൊരു അയവുമില്ല. "ജോലിയെക്കാൾ വലുത് എന്റെ മനസാക്ഷിയാണ്. ജോലിക്കുവേണ്ടി എന്റെ മനസ്സാക്ഷി വിൽക്കാൻ സാധ്യമല്ല'' മാനേജർ തീർത്തും പറഞ്ഞു. അങ്ങനെ അദ്ദേഹം ഉദ്യോഗം വലിച്ചെറിഞ്ഞ് ഇറങ്ങിപ്പോന്നു. ആ മനുഷ്യൻ കാലക്ഷേപത്തിനു വകയില്ലാതെ വലഞ്ഞു. ഒടുവിൽ ഒരു ചെറിയ ജോലി കണ്ടുപിടിച്ചു. തുശ്ചമായ ശമ്പളംകൊണ്ട് ഒരു ചെറിയവീട്ടിൽ അദ്ദേഹവും ഭാര്യയും കുട്ടികളും കഴിഞ്ഞുകൂടി. "സാത്താന്റെ മുമ്പിൽ തല കുനിക്കില്ല. ലോകം മുഴുവൻ തരാമെന്ന് പറഞ്ഞാലും എന്റെ ആദർശങ്ങൾ ബലിക്കഴിക്കില്ല." ഈ സെയിൽസ് മാനേജരെപ്പോലെ പറയുവാൻ ആർക്കു കഴിയും.? ദൈവകൃപ കൂടാതെ അത് ആർക്കും സാദ്ധ്യമല്ല. പിൽക്കാലത്ത് അദ്ദേഹം പ്രസിദ്ധനായ സുവിശേഷ പ്രഭാഷകനായി. ദൈവം അദ്ദേഹത്തെ ഉയർത്തി. സാത്താന്റെ മുമ്പിൽ തലകുനിക്കരുത്.

*- തോമസ് ചാണ്ടി*

### മാത്തൂച്ചായൻ



"വിവാഹദിവസം തന്നെ കുഞ്ഞാപ്പിച്ചന്റെ മകനും വധുവും കലഹമുണ്ടാക്കി. ഹണിമൂണിനു സിംഗപ്പൂരിലേക്കു പോകണമെന്നു വരനും ലണ്ടനിലേക്ക് പോകണം എന്നു വധുവും ശാഠ്യം പിടിക്കുന്നു. എന്ന് കുഞ്ഞാപ്പിച്ചൻ എന്നെ വിളിച്ച് 'പ്രശ്നത്തിനു പരിഹാരമുണ്ടാക്കുവാൻ മൂപ്പൻ വരണം' എന്നു പറഞ്ഞു."

"അച്ചായൻ എന്തുപറഞ്ഞു"?

ഞാൻ "കുഞ്ഞാപ്പിച്ചാ! അവർക്കു ഫോൺ കൊടുക്കാൻ പറഞ്ഞു. രണ്ടു പേരോടും "മക്കളേ നമ്മുടെ അത്തിമറ്റം സഭയിൽ ദൈവകൃപയാൽ ഒരു കുടുംബ പ്രശ്നവും ഇന്നുവരെ ഉണ്ടായിട്ടില്ല. മക്കളായി സഭയുടെ ചരിത്രം തിരുത്തരുത്. "മോനേ നീ സിംഗപ്പൂരിലേക്കും, മോളേ നീ ലണ്ടനിലേക്കും പോകുന്നതാണ് നന്ന്. തിരികെ വന്ന് നല്ല സ്നേഹത്തോടെ അത്തിമറ്റം സഭാരീതിയിൽ ജീവിക്കണം എന്ന് ഗുണദോഷിച്ചു. "കുഞ്ഞേലിയാമ്മേ എങ്ങനെയുണ്ട് എന്റെ ഗുണദോഷം!"

"ഹൊ! ഈ അച്ചായന്റെ ഒരു ബുദ്ധി അപാരം തന്നെ! സഭകളിൽ വഴക്കുണ്ടാക്കുന്ന മൂപ്പന്മാർ എന്റെ അച്ചായനെ കണ്ട് പഠിച്ചാൽ നമ്മുടെ സഭകൾ നന്നാകും."

# സഭയുടെ കാര്യങ്ങൾക്ക് സഭാനാഥൻ മതിയായവൻ

**സ**ഭയുടെ സകലകാര്യങ്ങൾ ക്കും കർത്താവ് മതിയായവൻ ആണ്. കർത്താവിനാൽ സാധിക്കാത്ത ഒരു കാര്യവും ഈ ഭൂമിയിൽ ദൈവസഭക്കില്ല. ഓരോ സ്ഥലം സഭയും അതിൽ തന്നെ കർത്താവിൽ സ്വയംപര്യാപ്തത പ്രാപിച്ച ഘടകം ആണ്. ഒരു സ്ഥലം സഭയ്ക്ക് ഈ ഭൂമിയിൽ ആവശ്യമുള്ള ആത്മികവും ഭൗതികവും ആയ സകല കാര്യങ്ങളും നിർവ്വഹിക്കുവാൻ കൃപാവരങ്ങളിൽ ആക്കിയിട്ടുണ്ട്. അങ്ങനെ എല്ലാംകൊണ്ടും സമ്പൂർണ്ണമാണ് ഒരു പ്രാദേശിക സഭ. കർത്താവിന്റെ കണ്മണിപോലെ സൂക്ഷിക്കപ്പെടുന്ന ദൈവസഭയെ തൊടുവാൻ സ്വർഗ്ഗത്തിലെ അനുവാദമില്ലാതെ ഒരു ശക്തിക്കും, ഒരു രാഷ്ട്രത്തിനും, ഒരു നിയമസംഹിതയ്ക്കും ഒരു നാളും കഴിയുകയില്ല. പാതാളഗോപുരങ്ങളെ ജയിച്ചതും ജയിക്കുന്നതുമാണ് ദൈവസഭ. വേർപെട്ട ദൈവജനത്തിന്റെ സ്ഥലത്തിന്റെ പ്രശ്നമോ, ഹോളുപണിയുടെ പ്രശ്നമോ, സഭയ്ക്ക് അകത്തുള്ള പ്രശ്നമോ, അറ്റകുറ്റപണിയുടെ പ്രശ്നമോ, പഞ്ചായത്തിലെ പ്രശ്നമോ, മുനിസിപ്പാലിറ്റിയിലെ പ്രശ്നമോ, സർക്കാർ തലത്തിലുള്ള പ്രശ്നമോ ഏതും പരിഹരിക്കുവാൻ നമ്മുടെ ഇടയിൽ നാളിതുവരെയോ, ഒന്നാം നൂറ്റാണ്ടിലെ സഭയുടെ ചരിത്രത്തിലോ, ഒരു സംഘടനയുടെയും സഹായം വേണ്ടി വന്നിട്ടില്ല. (ഏതാണ്ട് 20 ലക്ഷം പേർ അടങ്ങിയ മരുഭൂമിയിലെ യിസ്രായേലിന്റെ ഓരോ പ്രശ്നങ്ങൾക്കും നേതാവായിരുന്ന മോശെ ദൈവസന്നിധിയിൽ വീഴുക മാത്രമേ ചെയ്തിരുന്നുള്ളു.) ഏത് സഭയുടെയും ഭൗമികവും ആത്മികവുമായ ഏത് പ്രശ്നത്തിന്റെയും പരിഹാരകൻ സഭയുടെ മണവാളനും ഉടയവനുമായ കർത്താവ് മാത്രമാണ്. സകല അധികാരവും പ്രാപിച്ചവനും, സകലത്തിന്റെയും സൃഷ്ടാവുമായവൻ കൂടെയുള്ളപ്പോൾ സഭകൾ സംഘടനകളുടെ മുഖത്തേക്ക് നോക്കുകവഴി ദൈവത്തിന്റെ കർത്തൃത്വത്തെ തള്ളിപ്പറയുകയാണ് ചെയ്യുന്നത്. ഏതു പ്രശ്നത്തിനും പരിഹാരത്തിനായി സഭ ഒന്നായി പാപങ്ങളെ ഏറ്റുപറഞ്ഞ് ദൈവത്തിന്റെ പാദപീഠത്തിൽ വീഴണം. സ്വർഗ്ഗത്തിൽ നിന്നുള്ള പ്രവർത്തനം മാത്രം മതി നമുക്ക്. കർത്താവ് മാത്രം നമ്മെ നടത്തിയാൽ, കരുതിയാൽ, സൂക്ഷിച്ചാൽ മതി!!! കർത്താവ് തോൽക്കുന്നുവെങ്കിൽ മാത്രമേ ദൈവസഭ തോൽക്കുകയുള്ളൂ. അതുകൊണ്ട് സംഘടനകൾക്ക് പകരം സഭകൾ വളരട്ടെ. 'കീജേ' വിളിക്കു പകരം കണ്ണുനീർ പൊഴിക്കാം. നേതാവാകുവാൻ ശ്രമിക്കുന്നതിനുപകരം നമുക്ക് നെടുവീർപ്പിടാം. ഞാൻ വ ലിയവൻ എന്ന ഭാവത്തിനു പകരം ഞാൻ അരിഷ്ടമനുഷ്യൻ എന്ന് നമുക്ക് ഓരോരുത്തർക്കും ഏറ്റുപറയാം. പ്രിയപ്പെട്ടവരേ, ഉള്ള സത്യാവസ്ഥ നമുക്ക് സമ്മതിക്കാം. ഈ കഴിഞ്ഞ നാളുകളിൽ നമ്മുടെ സഭാജീവിതത്തിൽ കരച്ചിൽ കുറഞ്ഞില്ലേ? പ്രാർത്ഥന കുറഞ്ഞില്ലേ? ആത്മാക്കളെ നേടുന്ന പ്രവർത്തനം കുറഞ്ഞില്ലേ? പല സ്ഥലങ്ങളിലും സാക്ഷ്യം നഷ്ടപ്പെട്ടു കഴിഞ്ഞില്ലേ? നാം ഇന്ന് ഏതാണ്ടൊക്കെ ലാവോദിക്യ സഭപോലെ ആയി കഴിഞ്ഞു (ധനവാന്മാർ, സമ്പന്നന്മാർ, ഒന്നിനും മുട്ടില്ലാത്തവർ). നമുക്ക് ആത്മീയ തിമിരം ബാധിച്ചുകഴിഞ്ഞു. പ്രശ്നങ്ങളും പ്രയാസങ്ങളും വരുമ്പോൾ ദൈവസഭ എന്തു ചെയ്യണമെന്നോ, എവിടേയ്ക്ക് നോക്കണമെന്നോ, ആരിലേക്ക് കണ്ണുകൾ ഉയർത്തണമെന്നോ ഇന്ന് നമ്മൾക്ക് അറിയില്ല.

> ***യിസ്രായേൽ മക്കൾ ചുറ്റുപാടിലുള്ള ജാതികളെപ്പോലെ രാജാവിനായി കലഹിച്ചു. ദൈവ ഭൃത്യനായ ശമുവേൽ ദുഃഖിച്ചു. ത്യജിച്ചത് നിന്നെയല്ല എന്നെയാണ്. എന്ന് യഹോവയാം ദൈവം പറഞ്ഞു. യിസ്രായേൽ മക്കൾ ദൈവവഴിയിൽനിന്ന് വ്യതിചലിച്ചപ്പോൾ യിരമ്യാവ് വാമൊഴിയിലും വരമൊഴിയിലും അവരെ ഗുണദോഷിച്ചു. അവർ അവനെ ഉപദ്രവിച്ചു. കനാൻദേശം എഴുപതുവർഷം തരിശിടും എന്ന ദൈവകല്പന കേട്ടപ്പോൾ അവൻ കരഞ്ഞുകൊണ്ടിരുന്നു. നമ്മുടെ ദൈവം 2011 ന്റെ അവസാനത്തിൽ തന്റെ ഒരു ഭൃത്യനെ ഉപയോഗിച്ചു. അദ്ദേഹം എഴുതിയ പ്രബോധനം മദ്ധ്യതിരുവിതാംകൂറിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്ന ആത്മപ്രകാശമുള്ളവർ അത് പ്രസിദ്ധീകരിച്ചു. ഞങ്ങൾ അത് പുനഃപ്രസിദ്ധീകരിച്ചിരിക്കുന്നു. ഞങ്ങളുടെ വായനക്കാർ ഇത് വായിച്ചാലും. -എഡിറ്റർ***



*സാമുവേൽ ഏബ്രഹാം*

പെന്തക്കോസ്തു നാളുമുതൽ ഈ സ്വർഗ്ഗീയ സഭയെ നശിപ്പിക്കുവാൻ ശത്രുയായവൻ സകല പരിപാടികളും ഇട്ടിരിക്കുകയാണ്. സമുദായങ്ങളിലും മറ്റ് ഇതര സഭകളിലും വിജയിച്ചതുപോലെ വേർപെട്ട സഭകളിൽ നിന്നും യേശുക്രിസ്തുവിന്റെ നിസ്തുല്യ കർത്തൃത്വം മാറ്റിക്കളയണം എന്ന ഏക ഉദ്ദേശ്യത്തോടുകൂടി ആണ് ഈ നാളുകളിൽ ചില സംഘടനകൾക്ക് അവൻ രൂപം കൊടുത്തുകൊണ്ടിരിക്കുന്നത്. പ്രിയരെ, ഒരു കാര്യം നാം മറക്കുരുത്. ഇന്നും ദൈവസഭയ്ക്ക് ഈ ലോകത്തിൽ ഏതാണ്ട് ഒരു ലക്ഷത്തിൽപ്പരം രക്തസാക്ഷികൾ ഉണ്ട്. ആദിമസഭകൾ കൊടുത്ത വിലകൾ വലിയതായിരുന്നില്ലേ? ആദിമ സഭയിൽ എത്ര രക്തസാക്ഷികൾ ഉണ്ടായി. നവോത്ഥാന സമയത്ത് ആർ.സിക്കാർ യൂറോപ്പിൽ എത്ര ലക്ഷം ദൈവമക്കളെ ചുട്ടുകൊന്നിട്ടുണ്ട്. കമ്മ്യൂണിസം വന്നപ്പോൾ എത്രലക്ഷം ദൈവമക്കൾ കൊല്ലപ്പെട്ടു. ഇന്നും യഥാർത്ഥ സഭാവിശ്വാസികൾ എത്ര യോ കഷ്ടങ്ങളിൽ കൂടി കടന്നുപോകുന്നു. ഇന്നും യഥാർത്ഥ സഭാവിശ്വാസികൾ എത്രയോ കഷ്ടങ്ങളിൽ കൂടി കടന്നു പോകുന്നു. കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ ഭാരതത്തിൽ എത്ര എത്ര വിശ്വാസികൾ കൊല്ലപ്പെട്ടു. ഒറീസ്സയിൽ എന്താണ് സംഭവിച്ചത്. ഒറീസ്സയിൽ എന്താണ് സംഭവിച്ചത്? ഗുജറാത്തിൽ എന്തു സംഭവിച്ചു? പ്രിയരേ, ദൈവമക്കൾക്ക് ഈ ലോകം യോഗ്യരല്ല. അവർക്ക് അവകാശമായി പറഞ്ഞിരിക്കുന്നത് കഷ്ടതകൾ മാത്രമാണ്. കഷ്ടതകളുടെ കൂമ്പാരങ്ങളെ സഹിക്കുവാൻ അവർക്ക് ദൈവം വരം നൽകിയിരിക്കുകയാണ്. ഭക്തിയോടെ ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കും ഉപദ്രവം ഉണ്ടാകും. എബ്രാ. 11:38 (ലോകം അവർക്ക് യോഗ്യമായിരുന്നില്ല). പ്രിയരേ, ലോകം ദൈവജനങ്ങൾക്ക് യോഗ്യമല്ല. ഇനി യോഗ്യം ആകുകയുമില്ല. എബ്രാ. 11-ാം അദ്ധ്യായത്തിൽ ഏതാണ്ട് 20-ൽപരം വിശ്വാസവീരന്മാരുടെ നീണ്ട പട്ടിക കൊടുത്തിട്ടുണ്ട്. അവർ അനുഭവിച്ച കഷ്ടതകളുടെ ഒരു നീണ്ട ലിസ്റ്റും നമുക്കുവേണ്ടി രേഖപ്പെടുത്തിയിട്ടില്ലേ? രക്ഷയുടെ ഭദ്രതയെപ്പറ്റിയുള്ള അനേക പ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ രക്ഷയിലെ കഷ്ടതകളെക്കുറിച്ചുള്ള പ്രസംഗം കേട്ടതായി ഓർക്കുന്നില്ല. കഷ്ടതകൾ സഹിക്കുവാനായി ദൈവജനത്തെ ആഹ്വാനം ചെയ്യുന്ന പ്രസംഗങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടോ. ദൈവജനങ്ങൾ വളരുവാനാണ് ദൈവം കഷ്ടതകൾ തരുന്നത്. കഷ്ടതകൾ സ്വയം ഏറ്റെടുക്കാതെ നാം ആത്മീയമായി വളരുകയില്ല. കഷ്ടതൾ വരുമ്പോൾ 'മാളത്തിൽ' ഒളിക്കേണ്ടിയവർ അല്ല നാം. നമുക്ക് തന്നിട്ടുള്ള 'മുട്ട്' നാം ഉപയോഗിക്കണം. സഭ മുട്ടിന്മേൽ നിൽക്കണം, സഭകൾ കരയണം. വേർപാടിന്റെ ഉപദേശം കേരളത്തിൽ വളർന്നപ്പോൾ എത്രയോ എത്രയോ കഷ്ടതൾ, നിന്ദകൾ, ദുഷികൾ, പീഡനങ്ങൾ, ഇറക്കിവിടീലുകൾ, സ്വത്തുക്കളുടെ അപഹാരങ്ങൾ, അവകാശത്യജിക്കലുകൾ, പട്ടിണികൾ എന്നിവ അന്ന് അവർ ബഹുസന്തോഷത്തോടെ സഹിച്ചു. അതെല്ലാം ആ മാതാപിതാക്കൾ സഹിച്ചതുകൊണ്ട് സഭകൾ വളരുകയും, ജനം വളരുകയും ചെ യ്തു. അന്ന് അവർക്ക് ലോകം ഇട്ട പേർ 'വേർപാടുകാർ'. ഹാ, എത്ര നല്ല പേർ! ഹാ, ആ വാക്ക് പറയുന്നതു തന്നെ എത്ര മനോഹരം! ഒരു വേർപാടുകാരൻ എന്ന നിലയിൽ ഞാൻ അതിയായി സന്തോഷിക്കുകയും, പ്രശംസിക്കുകയും, അഭിമാനം കൊള്ളുകയും ചെയ്യുന്നു!

എന്നാൽ ഇന്ന് വളരെ ദുഃഖകരം എന്ന് പറയട്ടെ, കഷ്ടപ്പെടാനും, ത്യാഗം സഹിക്കുവാനും, നിന്ദ എൽക്കുവാനും ദു ഷിക്കപ്പെടുവാനും ഒരുക്കമില്ലാത്ത 'സമ്പന്നന്മാരായ' ഒരു 'നേതൃത്വനിര' വളർന്നു വരുന്നില്ലേ? ആത്മിക പക്വകതയും, സിന്ധതയും, ആത്മീയ പരിജ്ഞാനവും ഇവർക്കില്ല. വയറു നിറയെ കപ്പ തിന്നുവാൻ വകയില്ലാതിരുന്നവരെ ദൈവം അനുഗ്രഹിച്ചപ്പോൾ ദൈവം അനുഗ്രഹിച്ചപ്പോൾ ഇന്ന് മാംസം പോലും വേണ്ടാത്ത അവസ്ഥയിലായി. സൈക്കിൾ ഇല്ലാതിരുന്ന സ്ഥലത്ത് കാറുകളുടെ നിരയായി. സ്കൂളിലെ ഫീസ് കൊടുക്കുവാൻ നിവർത്തിയില്ലാതിരുന്നിടത്ത് ഇന്ന് ലക്ഷങ്ങളുടെ ക്യാപ്പിറേഷൻ നൽകുന്നു. ഇങ്ങനെ ഭൗമീകമായ ഉയർച്ച (തുടർച്ച 4 – ാം പേജ്)

# പ്രബോധനപുത്രന്റെ പ്രബോധനം

**സൈ**പ്രസ് ദ്വീപുകാരനും ലേവ്യനുമായ യോസേഫ് എന്ന വ്യക്തി പെന്തക്കോസ്ത് നാളിൽ ദൈവമകനായി ആത്മസ്നാനം ലഭിച്ച് യെരുശലേം സ്ഥലം സഭയിൽ അംഗമായി. തനിക്കു യെരുശലേമിൽ ബന്ധുക്കളുണ്ടായിരുന്നു. (അപ്പോ. 12:25, കൊലോ. 4:10) അടുത്ത ദിവസം തന്റെ നിലം വിറ്റ് ക്രിസ്തീയ സമൂഹത്തിന്റെ പ്രയോജനത്തിനായി ആ തുക അപ്പോസ്തലന്മാരുടെ കാൽക്കൽ സമർപ്പിച്ചു. തന്റെ പ്രബോധന പാടവം കൊണ്ടായിരിക്കാം അപ്പോസ്തലന്മാർ അവന് പ്രബോധനപുത്രൻ എന്നർത്ഥമായ 'ബർന്നബാസ്' എന്ന മറുപേർ നൽകി.

സ്തേഫാനോസിന്റെ രക്തസാക്ഷ്യം നിമിത്തം ഉണ്ടായ ഉപദ്രവം ഹേതുവായി ചിതറിപ്പോയ ദൈവജനം ഫൊയിനീക്യ, കുപ്രോസ്, അന്ത്യോക്യ എന്നീ ദേശങ്ങളിലേക്ക് ഓടിപ്പോയി. ചെന്നിടങ്ങളിൽ അവർ കർത്താവായ യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിച്ചു. കർത്താവിന്റെ കൈ അവരോടുകൂടെ ഉണ്ടായിരുന്നു. അവരെക്കുറിച്ചുള്ള ഈ വർത്തമാനം യെരുശലേമിലെ സഭയുടെ ചെവിയിൽ എത്തിയപ്പോൾ അവർ ബർന്നബാസിനെ അന്ത്യോഖ്യയിലേക്കു പറഞ്ഞയച്ചു. ലേവ്യർ യഹോവയുടെ ദൂതനാകയാൽ അവന്റെ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചുവയ്ക്കേണ്ടതും ഉപദേശം അവനോടു ചോദിച്ചു പഠിക്കേണ്ടതും അല്ലോ? (മലാഖി 2:7).

"പ്രബോധനപുത്രൻ നല്ല മനുഷ്യരും പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവനും ആയിരുന്നു." (അപ്പോ. 11:24). ഇദ്ദേഹത്തെക്കുറിച്ച് പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നു. അന്ത്യോക്യസഭയിൽ ചെന്ന ബർന്നബാസ് 'ദൈവകൃപ കണ്ടു സന്തോഷിച്ചു.' "എല്ലാവരും ഹൃദയനിർണ്ണയത്തോടെ കർത്താവിനോട് ചേർന്ന് നിൽക്കുവാൻ" പ്രബോധിപ്പിച്ചു. യരുശലേമിൽ നിന്നു വന്ന ഈ പ്രബോധകൻ അന്ത്യോക്യാ സഭയിൽ (ഇന്നാണെങ്കിൽ) "നിങ്ങളെല്ലാവരും

> ***ബർന്നബാസിന്റെ പ്രബോധനത്തിന്റെ ഫലം പരിശുദ്ധാത്മാവ് "വളരെ പുരുഷാരം കർത്താവിനോടു ചേർന്നു." (11:24) എന്ന രേഖപ്പെടുത്തി. അന്ത്യോക്യയിലെ വലിയ സഭയിൽ യെരുശലേം സഭയിൽ നിന്നു വന്നു. "വിലയേറിയ ദൈവദാസൻ" എല്ലാവരുടേയും 'ശുശ്രൂഷകൾ' ആസ്വദിച്ച് 'വിരാജിക്കാമായിരുന്നു. - കെ. സി. മാത്യു***

അറിയേണ്ട ചില കാര്യങ്ങൾ പറയാം- പുതിയ നിയമസഭകളുടെ കേന്ദ്രം യെരുശലേമിലാണെന്നു നിങ്ങൾ അറിയണം. അവിടെയാണ് നമ്മുടെ മശിഹാതമ്പുരാൻ നമുക്കുവേണ്ടി പ്രായശ്ചിത്തബലിമരണവും, പുനരുത്ഥാനവും, സ്വർഗ്ഗാരോഹണവും അവിടെ ആയിരുന്നല്ലോ? ഈ ഭൂമിയിലെ ആദ്യസഭ അവിടെയല്ലേ ഉളവായത്? അവിടെയല്ലോ ദൈവാത്മാവിന്റെ അവരോഹണവും നടന്നത്. ആകയാൽ യെരുശലേം സഭയുടെ 'പുത്രികാ സഭ'യാണ്. നിങ്ങൾ ആകയാൽ യെരുശലേം സഭയുടെ കീഴില് വിചാരണയിലും എല്ലാവരും ഹൃദയനിർണ്ണയത്തോടെ യെരുശലേം സഭയോടു ചേർന്നും അവിടെയുള്ള മൂപ്പന്മാരുടെ കൽപ്പനകളും അനുസരിക്കണം" പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞുവന്നവനായ ബർന്നബാസ് ഇവയൊന്നും പ്രബോധിപ്പിച്ചില്ല.

ബർന്നബാസിന്റെ പ്രബോധനത്തിന്റെ ഫലം പരിശുദ്ധാത്മാവ് "വളരെ പുരുഷാരം കർത്താവിനോടു ചേർന്നു." (11:24) എന്നു രേഖപ്പെടുത്തി. അന്ത്യോക്യയിലെ വലിയ സഭയിൽ യെരുശലേം സഭയിൽ നിന്നു വന്ന "വിലയേറിയ ദൈവദാസൻ" എല്ലാവരുടേയും 'ശുശ്രൂഷകൾ' ആസ്വദിച്ച് 'വിരാജിക്കാമായിരുന്നു.

പ്രബോധപുത്രൻ 150 മൈൽ യാത്ര ചെയ്ത് ശൗലിനെ തിരവാൻ തർസോസിലേക്ക് പോയി. അവനെ കണ്ടെത്തിയപ്പോൾ അന്ത്യോക്യയിലേക്കും കൂട്ടിക്കൊണ്ടുവന്നു. മാനസാന്തരപ്പെട്ട് കർത്താവായ യേശുക്രിസ്തുവിന്റെ പുത്രനായ ശൗൽ യെരുശലേമിനെ സഭയെ പരിചയിക്കുവാൻ അവിടേക്കുവന്ന ശൗലിനെ കണ്ട വിശ്വാസികൾ അവൻ ഒരു ശിഷ്യർ എന്നു വിശ്വസിക്കാതെ എല്ലാവരും അവനെ പേടിച്ചു.

ബർന്നബാസ് അവനെ കൂട്ടി അപ്പോസ്തലന്മാരുടെ അടുക്കൽ കൊണ്ടുചെന്നു പരിചയപ്പെടുത്തി. യെരുശലേമിൽ ശൗൽ പ്രസംഗിച്ചപ്പോൾ യഹൂദന്മാർ അവനെ കൊല്ലുവാൻ വട്ടം കൂടി. അവനെ സഹോദരന്മാർ കൈസര്യയിലേക്കു അയച്ചു. അവിടേയും ശത്രുക്കളുടെ മൂലം അവനെ തർസോസിലേക്ക് അയച്ചു.

കർത്തൃവേലയിൽ "ശൗൽ വിലയേറിയ ഉപകരണം'' എന്ന പ്രബോധനപുത്രൻ അന്നേ അറിഞ്ഞിരുന്നു. "ശൗലിനെ തിരഞ്ഞു കണ്ടെത്തുവാൻ'' ബർന്നബാസ് വളരെ 'ബിസി'യായിട്ടും വയലിൽ ഒളിച്ചുവച്ച നിധി ഒരു മനുഷ്യൻ കണ്ടു മറച്ചിട്ട് തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റ് ആ വയൽ വാങ്ങിയ "കർത്താവിന്റെ സേവകൻ" താൻ കണ്ടുപിടിച്ച നിധി തിരവാൻ തർസോസിലേക്കു പോയി! തിരഞ്ഞ് കണ്ടെത്തിയപ്പോൾ അന്ത്യോക്ക്യയിലേക്കു കൂട്ടിക്കൊണ്ടുവന്നു. അവർ ഒരു സംവത്സരം മുഴുവനും സഭായോഗങ്ങളിൽ കൂടുകയും ബഹുജനത്തെ ഉപദേശിക്കയും ചെയ്തു.

*(തുടരും)*

# HIGHRANGE ECHO



*ചിന്താവിഷയം: അത്യുന്നതങ്ങളിൽ ദൈവത്തിനുള്ള മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം. -(ലൂക്കോസ് 2:14)*

## Editorial

## ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം

**സ്വർഗ്ഗീയ സൈന്യത്തിന്റെ സ്തുതിഗീതത്തിന്റെ ആന്തരാർത്ഥം വേണ്ടവിധത്തിൽ മനസ്സിലാക്കാതെയും അനുഭവത്തിലാക്കാതെയും ലോകം ഒരു പ്രാവശ്യംകൂടെ ക്രിസ്മസ് ആഘോഷിച്ചു. ക്രിസ്മസ് വെറുമൊരു അനുസ്മരണമോ ആഘോഷമോ അല്ല, ആന്തരീക അനുഭവമാണ്.**

**സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷമാണ് ക്രിസ്തുവിന്റെ കന്യകാജനനം. ആ സന്തോഷം കണികാണാത്തവർ മദ്യലഹരിയിൽ ചുവടുകൾ ഉറയ്ക്കാതെ നടത്തുന്ന ക്രിസ്മസ് റാലികളും ആഘോഷങ്ങളും പരിഹാസ്യമാണ്. ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം എന്ന് വിളിച്ചുപറയുന്നത് കേട്ടു.**

**സന്മനസ്സുള്ളവർ ആരുമില്ല. ഇരുണ്ടുപോയ, വിവേകമില്ലാത്ത ഹൃദയങ്ങളാണെങ്ങും. സകലമനുഷ്യരും പാപികളാണ്. പാപത്തിന്റെ അടിമത്വത്തിൽ നിന്നും മനുഷ്യനെ മോചിപ്പിച്ച് സ്വാതന്ത്ര്യത്തിലേക്ക് ആനയിക്കുവാനാണ് രക്ഷകൻ പിറന്നത്.**

**മണ്ണിലെ മനുഷ്യന് വിണ്ണിലെ മഹാദൈവം നൽകിയ മഹാപ്രസാദമാണ് തന്റെ ഏകജാതനായ പുത്രനായ ക്രിസ്തു. ശിമ്യോൻ എന്ന വയോധികനെപ്പോലെ ഈ മഹാപ്രസാദത്തെ കൈനീട്ടിവാങ്ങി, സ്വന്തമാക്കുന്ന-ദൈവപ്രസാദം സ്വന്തമാക്കിയവർക്കാണ് ദൈവീക സമാധാനം ലഭ്യമാകുന്നത്.**

**അമൂല്യമായ ഈ ദൈവപ്രസാദത്തെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്ന മഹത്തായ ദൗത്യമാണ് പ്രേക്ഷിതവേല. ബേത്‌ലഹേമിലെ ഇടയന്മാരെപ്പോലെ തങ്ങൾ കേട്ടതും കണ്ടതുമായ എല്ലാത്തിനേയും കുറിച്ച് ദൈവത്തെ പുകഴ്ത്തുകയും മറ്റുള്ളവരുടെ മുമ്പാകെ മഹത്വപ്പെടുത്തുകയും ചെയ്യാൻ ദൈവജനം കടപ്പെട്ടവരാണ്.**

**ഭൂമിയിൽ ഓരോ വ്യക്തികളും ദൈവപ്രസാദമായ തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിച്ച് നാശത്തിൽനിന്ന് ജീവനിൽ കടക്കുമ്പോൾ, അർത്ഥാൽ ദൈവപ്രസാദം നേടുമ്പോൾ അത്യുന്നതങ്ങളിൽ ദൈവം മഹത്വപ്പെടുന്നു.**

**2012 ന്റെ നാളുകളിൽ ദൈവകൃപയിൽ ആശ്രയിച്ച് ഈ വലിയ ദൗത്യം സർവ്വാത്മനാ നിറവേറ്റുവാൻ നമുക്കിടയാകട്ടെ. ഞങ്ങളുടെ പ്രിയങ്കരരായ അനുവാചകർക്ക് നന്മയും കൃപയും നിറഞ്ഞ 2012 ആശംസിക്കുന്നു.**

●

വനിതാവേദി

## ഉയിർപ്പിൻ പ്രഭാതം

*മിസ്സിസ്സ് അന്നമ്മ കോശി* B.A., B.Ed.

പിന്നെ ജീവനോട് ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്ക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും. 1 തെസ്സ. 4.17. അതിരാവിലെ ഇരുട്ടുള്ളപ്പോൾതന്നെയാണ് കർത്താവ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റത്. സൂര്യനല്ല, പ്രഭാത നക്ഷത്രങ്ങളാണ് അവന്റെ തുറന്ന കല്ലറമേൽ പ്രകാശിച്ചത്. രാത്രിയുടെ നിഴൽ അവസാനിപ്പിച്ചിരുന്നില്ല. യരുശലേം പൗരന്മാർ ഉണർന്നേറ്റിരുന്നില്ല, ഉയർത്തെഴുന്നേറ്റ സമയം രാത്രി തന്നെയായിരുന്നു. ഉറക്കത്തിന്റെയും ഇരുട്ടിന്റെയും മണിക്കൂറുകൾ. അവന്റെ ഉയിർപ്പ് നഗരത്തിലെ ഉറക്കത്തെ ഒട്ടും തടസ്സപ്പെടുത്തിയതുമില്ല.

ഇപ്രകാരം അതികാലത്തെ ഇരുട്ടുള്ളപ്പോൾ തന്നെ, പ്രഭാത നക്ഷത്രം പ്രകാശിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ഉയിർത്തെഴുന്നേൽക്കും ഇരുട്ടിന്റെയും അന്ധകാരത്തിന്റെയും മക്കൾ മരണതുല്യമായ ഉറക്കത്തിലായിരിക്കുമ്പോൾ അവനെപ്പോലെ തന്നെ അവന്റെ വിശുദ്ധന്മാർ ഉണർന്നെഴുന്നേൽക്കും.

അവരുടെ ഉയിർപ്പിൽ അവർ ആരേയും ഉപദ്രവിക്കയില്ല. അവരെ വിളിക്കുന്ന വിളിയുടെ ശബ്ദം ലോകം കേൾക്കുകയുമില്ല. യേശു അവരെ പ്രശാന്തമായി, ഓരോരുത്തരും സ്വന്തം നിശബ്ദ കുടീരത്തിൽ, കുട്ടികൾ അമ്മമാരുടെ കൈകളിലെന്നപോലെ വിശ്രമിക്കാൻ അനുവദിച്ചതുപോലെ തന്നെ, അത്ര ശാന്തമായി, അത്ര നിശബ്ദമായി അവൻ അവരെ ഉയിർപ്പിക്കും. സമയം വരുമ്പോൾ "പൊടിയിൽ ഉറങ്ങുന്നവനേ! ഉണർന്നു ഘോഷിപ്പിൻ (യശ. 26.19) ആമെൻ കർത്താവേ വേഗം വരണമേ!

ഒരു ദൈവഭക്തൻ ഇപ്രകാരം പറഞ്ഞു "ഞാൻ മരിക്കുമ്പോൾ എന്റെ ശവകുടീരത്തിൽ ദുഃഖഗാനങ്ങൾ പാടരുത്, കുഴലുകൾ ഊതരുത്. മരിച്ച് ഉണരാനുള്ള ഗാനങ്ങൾ പാടാം. പ്രഭാത കാഹളങ്ങളുടെ ധ്വനി മാത്രം മുഴക്കണം.

കർത്താവു താൻ ഗംഭീരനാദത്തോടും
പ്രധാന ദൈവദൂതശബ്ദത്തോടും
സ്വർഗ്ഗത്തിൽനിന്നിറങ്ങി വന്നിടുമ്പോൾ
എത്രയോ സന്തോഷം (3) മദ്ധ്യാകാശത്തിൽ!


## ജിമ്മിയും മമ്മിയും



**"ഇംഗ്ലണ്ടിൽ നിന്നു വന്ന ജോണി അങ്കിളിന്റെ 'വൈഫായ മദാമ്മ' "വേർ യുവർ ഡാഡി" എന്നു ചോദിച്ചു. ഞാൻ "ജസ്റ്റ് പാസിഡ് എവേ" എന്നു പറഞ്ഞു"**

**"തമ്പുരാനേ! ഈ ചെറുക്കനെക്കൊണ്ട് മടുത്തു. ഇനി അവരുടെ മുഖത്ത് നോക്കുന്നതെങ്ങനെ?"**

**"എന്താ മമ്മീ! ഡാഡി ഇപ്പോൾ ബൈക്ക് എടുത്ത് ടൗണിലെ ബേക്കറിയിലേക്കു പോയി എന്നത് ശരിയല്ലേ? ഞാൻ അത് പറഞ്ഞതേയുള്ളപ്പോൾ ആ ആന്റി കരഞ്ഞുംകൊണ്ട് ജോണിച്ചായന്റെ അടുക്കലേക്ക് ഓടി. "അവരെന്നാ കരഞ്ഞ് ഓടിയത്" ? "അവരോട് ഇംഗ്ലീഷിലേ സംസാരിക്കണമെന്ന് മമ്മിയല്ലേ എന്നോട് പറഞ്ഞത്." ഈ മമ്മിയെക്കൊണ്ട് ഞാനും മടുത്തു. ഇനി ഞാൻ അവരെ കാണുന്നതെങ്ങനെ.?**



## സൂക്തികൾ

1. ഒരിക്കൽ ജനിക്കുന്നവൻ രണ്ടു തവണ മരിക്കുന്നു. രണ്ടു തവണ ജനിക്കുന്നവൻ ഒരിക്കൽ മരിക്കുന്നു.
2. നമ്മുടെ രക്ഷ ദൈവത്തിനു വിലയേറിയതായിരുന്നു. പക്ഷെ നമുക്ക് അത് സൗജന്യമായി നൽകപ്പെട്ടിരിക്കുന്നു
3. നമ്മുടെ വിശ്വാസം വലിയതല്ലായിരിക്കാം പക്ഷെ നമ്മുടെ ദൈവം വലിയവനാകുന്നു
4. തങ്ങളുടെ ഹൃദയംകൊണ്ട് കേൾക്കുന്നവരോട് ദൈവം തന്റെ വചനം മുഖേന സംസാരിക്കുന്നു.
5. ദൈവം നിങ്ങളെ നയിക്കുന്നു എന്ന് നിങ്ങൾ അറിയുമ്പോൾ നിങ്ങൾക്ക് എങ്ങോട്ടു പോകുന്നുണ്ടെന്ന് അറിയേണ്ട ആവശ്യമില്ല.

# എന്റെ അഭിഷിക്തന്മാരെ തൊടരുത്
## എന്റെ പ്രവാചകന്മാർക്ക് ഒരു ദോഷവും ചെയ്യരുത്

**SURVERY**

Please do not make any financial support for following Evangelists

**FINANCIALLY RICH EVANGELISTS**

| Evangelists | USA Visits | Gulf Visits | Other Countries | Lands | Expensive Vehicle | Own Houses | BANK Deposits |
|---|---|---|---|---|---|---|---|
| Evg. Charles John | Several times | Several Times | | Yes | Yes | Yes | Yes |
| Evg. John Kurian | Several times | Several Times | | Yes | Yes | Yes | Yes |
| Evg. M. V. Thomas | Several times | Several Times | | Yes | Yes | Yes | Yes |
| Evg. M. V. Babu | Several times | Several Times | | Yes | Yes | Yes | Yes |
| Evg. Joy Pampady | 3 times | Several Times | | Yes | Yes | Yes | Yes. |
| Evg. Jos Mathews | Several times | Several Times | | Yes | Yes | Yes | Yes |
| Evg. P. M. Geoergekutty | 1 time | Several Times | | Yes | Yes | Yes | Yes |
| Evg. M.M. Zachariah | Several times | Several Times | | Yes | Yes | Yes | Yes |
| Evg. Joy Muringatheri | 1time | Several Times | Yes | Yes | Yes | Yes | Yes |
| Evg. Sunny Thomas | Several times | Several Times | | Yes | Yes | Yes | Yes |
| Evg. M.M. Zachariah | Several times | Several Times | | Yes | Yes | Yes | Yes |
| Evg. Joy Muringatheri | 1time | Several Times | | Yes | Yes | Yes | Yes |
| Evg. Sunny Thomas | Several times | Several Times | | Yes | Yes | Yes | Yes |
| Evg. Aby Sam | Several times | Several Times | | Yes | Yes | Yes | Yes |
| Evg. C. T. Johnykutty | 1time | Several Times | | Yes | Yes | Yes | Yes |
| Evg. Thomas David | Several times | Several Times | | Yes | Yes | Yes | Yes |
| Evg. M.A. Joy | Several times | Several Times | Several Times | Yes | Yes | Yes | Yes |
| Evg. P.S. Thampan | | Several Times | | Yes | Yes | Yes | Yes |
| Evg. Thomas David (Nagal) | Several times | Several Times | Yes | Yes | Yes | Yes | Yes |
| Evg. Chandapilla philip | 1 Time | Several Times | | Yes | Yes | Yes | Yes |
| Evg. Aniyan Varghese | 1 Time | Several Times | | Yes | Yes | Yes | Yes |
| Evg. Godly Kurian | 1 Time | Several Times | | Yes | Yes | Yes | Yes |
| Evg. Sunil Albert | 2 Times | Several Times | | Yes | Yes | Yes | Yes |
| Evg. Thomas Kutty Kuruvilla | 1Times | Several Times | | Yes | Yes | Yes | Yes |
| Evg. John P. Thomas | 2 Times | Several Times | | Yes | Yes | Yes | Yes |
| Evg. B. Paul (Tamil Nadu) | 2 Times | Several Times | | Yes | Yes | Yes | Yes |
| Evg. Kunjumon Thottappilly | 1Time | Several Times | | Yes | Yes | Yes | Yes |

Why they are coming again? What is their purpose of visit/ Are they spending our financial blessing for His Kingdom? Time to think!!! Use your Financial blessings only for His Glory in right hands. Many loved ones cyring in India for one time good food, dress, shelter and Medicine. Above mentioned Evangelists they collecting all gifts and spending for their own luxury life. Time to think and spend your financial blessings to Lord's work and poor believers in India.

Your Loving Youths from a Corner
We will stand for HIS glory

Loving youth from a corner (ഒരു മൂലയിൽ സ്നേഹികളായ യൂത്തന്മാർ) ആഹാസ് ദൈവാലയത്തിലെ ഉപകരണങ്ങളെ എടുത്തു ദൈവാലയത്തിലെ ഉപകരണങ്ങളെ എടുത്തു ദൈവാലയത്തിലെ ഉപകരണങ്ങളെ ഉടെച്ചു യഹോവയുടെ ആലയത്തിന്റെ വാതിലുകൾ അടെച്ചുകളഞ്ഞു യെരുശലേമിന്റെ ഓരോ മൂലയിലും ബലിപീഠങ്ങൾ ഉണ്ടാക്കി അന്യദേവന്മാർക്കു ധൂപം കാട്ടുവാൻ അവൻ ഓരോ പട്ടണത്തിലും പൂജാഗിരികൾ ഉണ്ടാക്കി (2 ദിന. 28:24). പട്ടണമൂലകളിൽ അന്യദേവന്മാർക്ക് ധൂപം കാട്ടുവാൻ നിയമിച്ചവരാണ്. മൂലകളിൽ കാണപ്പെടുന്നത്.

"ഒരു വീട്ടിൽ പത്തു പുരുഷന്മാർ ശേഷിച്ചിരുന്നാലും അവർ മരിക്കും ഒരു മനുഷ്യന്റെ ചാർച്ചക്കാരൻ അവനെ ദഹിപ്പിക്കേണ്ടുന്നവൻ തന്നേ അവന്റെ അസ്ഥികളെ വീട്ടിൽ നിന്നു നീക്കേണ്ടതിനു അവനെ ചുമന്നുകൊണ്ടുപോകുമ്പോൾ അവൻ വീട്ടിന്റെ അകത്തെ മൂലയിൽ ഇരിക്കുന്നവനോടു നിന്റെ അടുക്കൽ ഇനി വല്ലവരും ഉണ്ടോ? എന്നു ചോദിക്കുന്നതിനുഅവൻ യഹോവയുടെ നാമത്തെ കീർത്തിച്ചു കൂടായ്കയാൽ നീ മിണ്ടാതിരിക്ക എന്നു പറയും. (ആമോസ് 6:10). കർത്തൃദാസൻ കെ. വി. ജോൺ സാർ എഴുതിയ പ്രവചനഭാഷ്യം പേജ് 248 നോക്കുക). മൂലവാസികളായ യുവാക്കളെ - കുഞ്ഞുങ്ങളേ! നിങ്ങളുടെ സർവ്വേ-യിൽ പേരു ചേർത്തിയിരിക്കുന്ന 25 പേരെയും സ്വർഗ്ഗതാതൻ വിളിച്ചുവേർതിരിച്ച് തന്റെ അഭിഷിക്തരും തന്റെ പ്രവാചകന്മാരും പ്രകരേണ ശബ്ദതാരാവലി പേജ് 1280 പ്രതിപാദനം = ന്യായങ്ങൾ പറഞ്ഞ് അന്യപക്ഷം ഖണ്ഡിച്ചു സ്വപക്ഷം സ്ഥാപിക്കൽ ചുമതലപ്പെട്ടവൻ (ശബ്ദതാരാവലി പേജ് 1287).

ഈ 25 പേരും നിങ്ങളിൽ പലരേപ്പോലെ പത്തേമാരിയിലും, ലോഞ്ചിലും വിദേശങ്ങളിൽ പോയവരല്ല. ഞങ്ങളുടെ യജമാനൻ ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന തിരുവായ് കല്പിച്ചു. (അപ്പൊ. 1:8). ഈ ഇരുപത്തേഴിൽ പലരും നിങ്ങളുടെ മക്കൾക്ക് ദൈവസ്നേഹം പകർന്നവരാണ്. അവരിൽ ചിലർ രചിച്ച പാട്ടുകളാണ് നിങ്ങൾ പാടുന്നത്. ഇവരിൽ ഭൂരിപക്ഷവും സുവിശേഷശത്രുക്കളുടെ മുമ്പിൽ നെഞ്ചും നെറ്റിയും മൂഢോപദേശക്കൊടുങ്കാടുശീഘ്രം പാടേ തകർത്തങ്ങു ദർമീകരിപ്പാൻ ചൂടോടെ കത്തിദ്വലിക്കുന്ന നാവും ഉപയോഗിച്ചതുകൊണ്ട് "ഞങ്ങൾ 'ബ്രദറന്മാരാണെന്ന് നിങ്ങൾ വീമ്പെഴുന്നത്." മഹർഷി തുല്യനായ 'സൈമൺസാറിനെ ആറുവർഷം നിരോധിച്ചതും കേരളത്തിലെ ആദ്യ ബ്രദറായ കുമ്പനാട്ടച്ചനെ' 20 വർഷങ്ങൾ സ്വന്തം വീട്ടിലിരുത്തിയതും നിങ്ങളുടെ ജനയിതാവുകൾ അല്ലേ?

എത്രയെത്ര ദൈവത്തിന്റെ ശ്രേഷ്ഠദാസന്മാരെ പീഡിപ്പിച്ചു. കരയിച്ചു? കർത്താവ് "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകളെ പണിതും നീതിമാന്മാരുടെ കല്ലറകളെ അലങ്കരിച്ചും കൊണ്ടു "ഞങ്ങൾ പിതാക്കന്മാരുടെ കാലത്തു ഉണ്ടായിരുന്നു. എങ്കിൽ പ്രവാചകന്മാരെ കൊല്ലുന്നതിൽ കൂട്ടാളികൾ ആകയില്ലായിരുന്നു" എന്നു പറയുന്നു. അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ എന്നു നിങ്ങൾ തന്നെ സാക്ഷ്യം പറയുന്നുവല്ലോ. പിതാക്കന്മാരുടെ കാലത്തു ഉണ്ടായിരുന്നു എങ്കിൽ പ്രവാചകന്മാരെ കൊല്ലുന്നതിൽ കൂട്ടാളികൾ ആകയില്ലായിരുന്നു എന്നു പറയുന്നു അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊല്ലുന്നവരുടെ മക്കൾ എന്നു നിങ്ങൾ തന്നെ സാക്ഷ്യം പറയുന്നുവല്ലോ. പിതാക്കന്മാരുടെ അളവു നിങ്ങൾ പൂജിച്ചുകൊൾവീൻ. പാമ്പുകളെ, സർപ്പസന്തതികളേ നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും." ഈ കർത്തൃമൊഴി തുടരെ ധ്യാനിക്കുക. "ഞങ്ങളെ കുമ്പനാട്ടച്ചൻ" "ഞങ്ങളെ സൈമൺ സാർ" "ഞങ്ങളെ കെ. ജി. തോമസ്, " "കെ. ജി. കുര്യൻ"... എന്തൊരു സ്നേഹം, ബഹുമാനം! അഭിമാനം!...

'മൂലയിലെ യുവതുർക്കി'കളേ (കൂട്ടത്തിൽ തൈക്കിളവരുമുണ്ട്). "അമ്മാവാ ഓടരുത്.! പേരറിയാം!" പേരും, മേൽവിലാസവും എഴുതുവാൻ ഈ ഭീരുക്കൾ ഭയപ്പെടുന്നു. ഒരു ദിവസം നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടും (2 കൊരി. 5:10). അന്ന് ദൈവകല്പന (സങ്കീ. 105:15) ലംഘിച്ച മൂലക്കാരെ സന്തതികളെ ഞങ്ങളുടെ വായനക്കാർ കാണാം. അക്ഷരനഗരിയായ കോട്ടയത്തുള്ള മാധ്യമങ്ങൾക്ക് പ്രതിദിനം ഊമക്കത്തുകൾ സുലഭമാണ്. ഇവിടെയുള്ള സാഹിത്യപ്രവർത്തകർ അവയെ പിതൃരഹിത കടിതങ്ങൾ " എന്നാണു പറയുക! 115-ാം സങ്കീർത്തനത്തിൽ വിഗ്രഹങ്ങൾ ഉണ്ടാക്കുന്നവർ അവയെപ്പോലെ ആകുന്നു. ഇവിടെയും ആ വാക്യത്തിനു സാംഗത്യമുണ്ട്.

തങ്ങളുടെ ഇഹലോക ജീവിതത്തിന്റെ സാക്ഷികളായി പ്രപഞ്ചത്തിന്റെ രാജാവായി സീയോനിൽ സ്വർഗ്ഗീയ പിതാവ് വാഴിച്ചിരിക്കുന്ന മഹാരാജാവിന്റെ 25 കർത്തൃദാസന്മാരെ (രണ്ടാളിന്റെ പേര് 2 പ്രാവശ്യം) മൂലയിൽ പമ്മിയിരിക്കുന്ന അവിവേകികൾ തൊട്ടിരിക്കുന്നു. 'തൊടരുത്' എന്ന രാജകല്പന' ലംഘികളെ ഓർത്ത് കർത്താവേ അവരെ ശിക്ഷിക്കരുതേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അവർ വിവേകികളായി പത്രോസിനെ യഥാസ്ഥാനപ്പെടുത്തിയതുപോലെ ഇവരെയും കർത്താവ് വിവേകികളാക്കട്ടെ.

ഈ ദൈവഭൃത്യന്മാരിൽ ഈ എളിയവൻ ഒടുവിൽ 'അകാലപ്രജപോലെയുള്ളവനാണ്. എന്നെ ആരെല്ലാം എന്തെല്ലാം പറഞ്ഞിരിക്കുന്നു; ദ്രോഹിച്ചിരിക്കുന്നു. ദേഹോപദ്രവങ്ങൾ കിട്ടിയിരിക്കുന്നു! ഇവയിലെല്ലാം എന്റെ സങ്കടം വർഷങ്ങൾ അദ്ധ്വാനിച്ച് കർത്താവ് തന്ന ആടുകളിൽ 'വിലയേറിയ വിശ്വാസഗോളം ബഹുമാനിക്കുന്ന (അവരിൽ ചിലർ ഈ എളിയവന്റെ ഗുരുക്കന്മാരും) ശ്രേഷ്ഠരായ അഭിഷിക്തന്മാരെ തൊടുവാനും ദോഷവും ചെയ്യുവാൻ ഈ മൂഢതക്കു ഒരുമ്പെടുത്തതെങ്ങനെ? (2 ശമു. 1:14). കർത്തൃസന്നിധിയിൽ കരയുക.

●

ബാലപംക്തി

## എന്ത് വായിക്കണം, എന്തിന് വായിക്കണം

പ്രശസ്ത ചിന്തകനായ 'റിച്ചാർഡ് സ്റ്റീലെ' പറയുന്നു ശരീരത്തിന് വ്യായാമം എങ്ങനെയാണോ അതുപോലെയാണ് മനസ്സിന് വായന' മനസ്സിനെ ഒരു ഫാക്ടറിയോട് ഉപമിക്കാം. അതിലെ അസംസ്കൃത വസ്തുക്കളാണ് ചിന്തകൾ. ഇന്ന് മാധ്യമങ്ങളിൽ നിന്ന് കിട്ടുന്ന അറിവുകൾ മിക്കതും മലീനങ്ങളാണ്. പതിനഞ്ച് വയസ്സുവരെ ടി.വി. കാണുന്ന ഒരു കുട്ടി ഒരു ലക്ഷത്തിലേറെ കൊലപാതകങ്ങളും പതിനായിരത്തിലേറെ ബലാത്സംഗങ്ങളും അത്രത്തോളം സാമൂഹ്യവിരുദ്ധമായ രംഗങ്ങളും ദുശ്ശീലങ്ങളും കാണുന്നു ഈ കുട്ടിയിൽ എന്തു നന്മയാണ് ഭാവിയിൽ പ്രതീക്ഷിക്കാനുള്ളത്.

മനസ്സിനു നൽകുന്ന ഭക്ഷണമാണ് നല്ല ചിന്തകൾ. നാം നൽകുന്ന ചിന്തകൾക്ക് അനുസരിച്ചുള്ള ഫലമാണ് ജീവിതം നമുക്ക് തരുന്നത്. ആയതിനാൽ നല്ല പുസ്തകങ്ങൾ തെരെഞ്ഞെടുത്ത് നിത്യവും വായിക്കണം. ബാറ്ററി ചാർജ്ജ് ചെയ്തില്ലെങ്കിൽ അത് ഉപയോഗശൂന്യമാണ്. അതുപോലെ നല്ല ഗ്രന്ഥങ്ങൾ വായിച്ച് മനസ്സിൽ ഊർജത്തിന്റെ ചാർജ് നിറയ്ക്കുക. അങ്ങനെ ചെയ്യുമ്പോൾ നിങ്ങൾക്ക് ജീവിതം വലിയ ഫലങ്ങൾ നൽകും.

പുസ്തകങ്ങൾ വാങ്ങുമ്പോഴും വായിക്കുമ്പോഴും നിങ്ങൾ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഒരിക്കലും നഷ്ടം വരാത്ത ഒരേയൊരു നിക്ഷേപം 'ദൃശ്യമാധ്യമങ്ങൾക്ക് ചെയ്യാൻ കഴിയുന്നതിന്റെ ആയിരം മടങ്ങാണ്! ദൃശ്യമാധ്യമങ്ങൾക്ക് ചെയ്യാൻ കഴിയുന്നതിന്റെ ആയിരം മടങ്ങാണ്, പുസ്തകങ്ങൾക്ക് നൽകാൻ കഴിയുന്നത്. ജ്ഞാനത്തെ സ്നേഹിക്കുക. അപ്പോൾ നിങ്ങളുടെ മനസ്സ് പ്രപഞ്ചത്തോളം വലുതാകും; ത്രികാലജ്ഞാനിയായി മാറാം. കഴിഞ്ഞുപോയ കാലങ്ങളും വർത്തമാനകാലവും വരുവാനുള്ള നിങ്ങൾക്ക് കീഴടങ്ങും. സജി, തലവൂർ ('വിജയത്തിന്റെ ഇതിഹാസം' എന്ന പുസ്തകത്തിൽ നിന്ന്).

ഈ പുസ്തകത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്കും, കോപ്പികൾക്കും ബന്ധപ്പെടുക; **Genesis Marketing Puliannoor Pala, 686573, Mob:94472068 91, 9447206893.**

## ഞാൻ ആരെന്നു പറയുവിൻ (നമ്പർ 2)

എന്നും നിങ്ങളെ ഞങ്ങൾ കാണുന്നവരാണ്. നിങ്ങൾ ഞങ്ങളെയും. ഞങ്ങൾ യഹോവയുടെ ആജ്ഞാവാഹകരാണ്. ഞങ്ങൾ യഹോവയുടെ ദൂതരാണ് എന്ന് ഒരു സങ്കീർത്തനത്തിൽ ഉണ്ട് (1) ഞങ്ങൾ ബലവാന്മാരാണ്. എങ്കിലും ദൈവം ഞങ്ങളെ മുഷ്ടിയിൽ പിടിച്ചടക്കും (2) എഫ്രയിം എന്നെ ഇഷ്ടപ്പെടുന്നവാരാണ് (3) ആസാഫ് എന്ന സങ്കീർത്തനക്കാരൻ ഞാൻ പോകുന്നതാണ് എന്ന് എഴുതിയിട്ടുണ്ട്. (4) കർത്താവ് കല്പിച്ചപ്പോൾ തത്സമയം ഞാനനുരിച്ചു കേട്ടോ?! (5) അഭക്തന്മാരെ എനിക്ക് ഇഷ്ടമില്ല. അവരെക്കുറിച്ച് വെള്ളമില്ലാത്ത മേഘങ്ങൾ എന്ന് യാക്കോബിന്റെ സഹോദരൻ എഴുതിയിട്ടുണ്ട്. (6) ഒരു പ്രവാചകനോട് സംസാരിക്കുവാൻ പർവ്വതങ്ങളെ ഞാൻ കീറിപാറകളെ തകർത്തു (7) അപ്പൊസ്തലനായ പൗലോസ് യാത്ര ചെയ്തപ്പോൾ ഞാൻ സമ്മതിക്കായ്കയാൽ പൗലോസിന് പ്രശ്നമുണ്ടായി എങ്കിലും ശുഭകരമായ ഒരു സ്ഥലത്ത് എ ത്തി (8) ദൈവകല്പന ലംഘിച്ച ഒരു വലിയ പ്രസംഗിയേയും ഉപദേഷ്ടാവിനെ എന്നെ ഉദാഹരണമായി പറഞ്ഞ് പഠിപ്പിച്ചു (10)

16 വയസ്സിനു താഴെയുള്ള കൂട്ടുകാർ നമ്പറിനു നേരെ ബൈബിൾ വാക്യം, അദ്ധ്യായം-നമ്പർ എഴുതണം. നിങ്ങളോട് തന്നെക്കുറിച്ചു പറഞ്ഞ ബൈബിൾ വ്യക്തിയുടെ പേര് എഴുതുക. ഒരു പോസ്റ്റ് കാർഡിൽ **ജോ. അങ്കിൾ, പി. ബി. 8, പാമ്പാടി പി.ഒ. 686 502**

*ഹൈറേഞ്ച് എക്കോ ഡിസംബർ ലക്കത്തിൽ 'ഞാൻ ആരെന്നു പറയുവിൻ' എന്ന ബൈബിൾ ക്വിസ് -1 ന്റെ ഉത്തരം :* ***ചെരുപ്പ്***

***വിജയികൾ:*** ഏബൽ സാം സന്തോഷ്, എൻ.വി. നഗർ, പേരൂർകട, ഷീബാ ദാനിയേൽ, മാരാമൺ, ജോളി രാജു, ചെന്നൈ, റെനി ജോർജ്, കടവന്തറ, ഏലിയാമ്മ തോമസ്, തൃശൂർ, തോമസ്കുട്ടി, മൈലപ്ര, സുനിൽ ജോൺ, കുറിയന്നൂർ

സമ്മാനം അയക്കുന്നു - ബൈബിൾ ക്വിസ്-ൽ സമ്മാനം വാങ്ങുക.

*-ജോ. അങ്കിൾ*

## ഇത്രത്തോളം യഹോവ സഹായിച്ചു

*1 ശമു. 7.12. ഏബൻ - ഏസെർ*

*ഡെയ്സി ഏബ്രഹാം, മിനിസോട്ട*

എത്രത്തോളം? കഴിഞ്ഞ വർഷത്തിലേക്ക് തിരിഞ്ഞ് നോക്കിക്കൊണ്ട് നമുക്കതിന് മറുപടി പറയുവാൻ സാധിക്കും. നാം കടന്നുപോന്ന പാതകളിൽ കർത്താവ് നമ്മെ നടത്തി എന്നല്ലാതെ ഞാൻ നടന്നു എന്നുപറയുവാൻ നമുക്ക് സാധിക്കയില്ലല്ലോ. എത്ര വർഷമായി അവൻ നമ്മെ നടത്തുന്നു. നാല്, പത്ത്, അറുപത്, എഴുപത്.... എവിടെല്ലാമാണ് നടത്തിയത്? രോഗത്തിൽ ആരോഗ്യത്തിൽ, ദുഃഖത്തിൽ, സന്തോഷത്തിൽ, വീട്ടിൽ, ജോലിസ്ഥലത്ത്, നമ്മുടെ യാത്രയിൽ, ആകാശത്തിലും, ഭൂമിയിലും, സമൃദ്ധിയിലും, ദാരിദ്ര്യത്തിലും.... എവിടെയാണ് അവൻ നമ്മെ സഹായിക്കാതിരുന്നിട്ടുള്ളത്.

നാം ഒരു ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ പറയാറുണ്ടല്ലോ. " ഇത്രയും തീർന്നു" എന്നു പറയുമ്പോൾ യാത്ര അവസാനിപ്പിച്ചിട്ടില്ല. ഇനിയും വളരെ ദൂരം യാത്ര ചെയ്യുവാനുണ്ടായിരിക്കും. ദൂരം നിശ്ചയിക്കുന്നത് നാമല്ല. കർത്താവാണ്. വഴി ഏതെന്ന് നാം അറിയുന്നില്ല. അവനാണ് വഴി. വഴിയിൽ നേരിടേണ്ടതെന്താണെന്നും കർത്താവാണ് നിശ്ചയിക്കുന്നത്. " ഒന്നു ഞാൻ അറിയുന്നു. പിമ്പിലുള്ളതു മറന്നും ആഞ്ഞും കൊണ്ട് ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു (ഫിലി. 3.14)

ലാക്കുതെറ്റുവാൻ പാടില്ല. എന്താണ് നമ്മുടെ ലാക്ക്? ഈ ലോകത്തിലെ സ്ഥാനമാനങ്ങളാണോ, ധനസമ്പാദനമാണോ, എങ്കിൽ നമ്മുടെ ലാക്ക് തെറ്റിപ്പോയി നാം വഴിയിൽ തളർന്ന് പോകും. സഹായത്തിനാരും ഉണ്ടാകയില്ല.

ഇത്രത്തോളം യഹോവ സഹായിച്ചു. വീണു പോയ സ്ഥാനത്ത് അവൻ നമ്മെ താങ്ങി എഴുന്നേല്പിച്ചു. വഴി തെറ്റിപ്പോയപ്പോൾ അവൻ നമ്മുടെ വഴികാട്ടിയായി വന്നു. ശത്രുവിന്റെ തീയമ്പുകൾ നമ്മുടെ നേരെ ആഞ്ഞടിച്ചപ്പോൾ അവൻ നമ്മുടെ പരിചയും പലകയും ആയിരുന്നു.

ഇനിയും നമ്മെ ജയോത്സവമായി നടത്തുവാൻ അവൻ ശക്തനാണ്. ഈ വർഷത്തിന്റെ അവസാനത്തിൽനിന്നുകൊണ്ട് നമുക്ക് പറയാം" എൻ മനമെ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്" അടുത്ത വർഷത്തിലേക്ക് നോക്കിക്കൊണ്ട് നമുക്കു പറയാം "കർത്താവേ ഞാൻ നിന്നിൽ ശരണപ്പെടുന്നു. നീ എന്റെ കൈകളെ പിടിച്ചിരിക്കുകയാൽ സ്തോത്രം. ഈ വഴിയെ ഞാൻ പോയിട്ടില്ല. എന്നാൽ നീ ഈ വഴിയെ മുമ്പെ പോയിട്ടുണ്ടല്ലോ?'' അന്ത്യത്തോളം നമ്മെ തന്റെ ചിറകിൽ കീഴിൽ മറച്ച് നമ്മെ നടത്തുവാൻ ശക്തിയുള്ളവന് എന്നുമെന്നേക്കും സ്തോത്രം ചെയ്യാം. അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ●

യജമാനന്റെ കരസ്പർശം

## പഴയവഴികളെ ഉപേക്ഷിച്ചു ക്രിസ്തുവിലേക്ക് തിരിയുക.

*ഡോ. ജോർജ് സാമുവൽ*

നാം പരിചയിച്ച പല കാര്യങ്ങളും നമ്മുടെ ആളത്വത്തിന്റെ അലിഞ്ഞു ചേർന്നിരിക്കുന്ന അനുഭവമാണ്. അതുകൊണ്ട് നമ്മെ നശിപ്പിക്കുന്നതും പാപകരവുമായ കാര്യങ്ങളിൽ നിന്നും പിൻതിരിയുക വളരെ പ്രയാസമാണ്. ഒരിക്കൽ പാപവഴികളെ വിട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞ ശേഷം വീണ്ടും അവയിലേക്ക് മടങ്ങിപ്പോകുവാനുള്ള പരീക്ഷ നമ്മിൽ ഉണ്ടാകുന്നു. പ്രലോഭനങ്ങളും മറ്റു വശീകരണങ്ങളും വർദ്ധിച്ചുവരുമ്പോൾ അവയെ അതിജീവിക്കത്തക്കവണ്ണമുള്ള മാനസ്സാന്തരമാണ് ക്രിസ്തുവിലേക്ക് തിരിഞ്ഞപ്പോൾ ലഭ്യമാക്കിത്തന്നത്.

പച്ചക്കറിയും ചെടികളും മറ്റും നട്ടുവളർത്തുമ്പോൾ ശക്തിയേറിയ കാറ്റിൽ ഒടിഞ്ഞു പോകാതിരിക്കാൻ അവയ്ക്കരികിൽ ബലമുള്ള കമ്പുകൾ നാട്ടി ചുറ്റിക്കെട്ടാറുണ്ട്. കാറ്റടിക്കുമ്പോൾ ബലമുള്ള കമ്പിൽ ബന്ധിച്ചിരിക്കുന്നതിനാൽ ചെടി ഒടിയാതിരിക്കുന്നു. സ്വന്തം ശക്തികൊണ്ട് നമുക്ക് പരീക്ഷകളെയും പ്രലോഭനങ്ങളെയും വിജയകരമായി നേരിടുവാൻ കഴിയുകയില്ല. എന്നാൽ നാം പാപവഴികളെ വിട്ടു ക്രിസ്തുവിങ്കലേക്ക് തിരിഞ്ഞപ്പോൾ നമ്മെ ബലപ്പെടുത്തുവാൻ ശക്തനായ കർത്താവിനോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ക്രിസ്തു നമ്മിൽ വസിച്ചുകൊണ്ട് നമുക്ക് ജീവിത വിജയം നൽകുകയാണ്. നമ്മുടെ ആശ്രയം സ്വന്തബലത്തിലും ശക്തിയിലും അർപ്പിക്കുന്നതിനു പകരം നമ്മെ ബലപ്പെടുന്ന കർത്താവിൽ തന്നെ നാം അർപ്പിക്കുക.

വിമാനത്തിൽ യാത്ര ചെയ്യുമ്പോൾ വിമാനം കൈകാര്യം ചെയ്യുവാനും ഉദ്ദിഷ്ടസ്ഥാനത്ത് നമ്മെ കൊണ്ടെത്തിക്കുവാനും കഴിവുള്ള വൈമാനികനിൽ നാം ആശ്രയിക്കുകയാണല്ലോ നാം നമ്മുടെ ശക്തി ഉപയോഗിച്ചു പറക്കുകയോ വിമാനം പറപ്പിക്കുകയോ ചെയ്യുന്നില്ല. നമ്മുടെ ആശ്രയം കർത്താവിൽ തന്നെ ആയിരിക്കണമെന്നാണ് കർത്താവാഗ്രഹിക്കുന്നത്. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ നമ്മെ അനുദിനം അഭ്യസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഡോക്ടർമാർക്കും ചികിത്സിക്കാനുള്ള കഴിവിന് ഒരതിർത്തിയുണ്ട്. ആ അതിർത്തിയെ അതിലംഘിക്കണമെങ്കിൽ ദൈവം സഹായിക്കേണ്ടിയിരിക്കുന്നു. ദൈവാശ്രയത്തിലാനയിക്കുവാൻ നമുക്കു മുമ്പാകെ ഒരുക്കിത്തന്നിരിക്കുന്ന അവസരങ്ങളെ പാഴാക്കിക്കളയാതെ അതിനോടു ക്രിയാത്മകമായി പ്രതികരിച്ച് സമാധാനവും ശാന്തിയും അനുഭവവേദ്യമാക്കുക. ശരിയാംവണ്ണം പ്രതികരിക്കാതെയും ആശ്രയിക്കുവാൻ പഠിക്കാതെയും പോയ അവസരങ്ങളെ ഓർത്ത് അനുതപിക്കുക. ദൈവത്തിൽ ആശ്രയം അർപ്പിക്കാൻ വഴങ്ങിക്കൊടുക്കാത്ത നമ്മുടെ മനസ്സിനെ ക്രിസ്തുവിനെ അനുസരിക്കുക. ക്രിസ്തുവിനെ അനുസരിക്കുക എന്ന ആത്മിക വ്യായാമം ചെയ്ത് വിജയകരമായി ജീവിക്കാനുള്ള ശക്തിയും കൃപയും പ്രാപിക്കുക. യഹോവേ ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു. ഞാൻ ഒരുനാളും ലജ്ജിച്ചുപോകരുതേ. നിന്റെ നീതി നിമിത്തം എന്നെ വിടുവിക്കേണമേ (സങ്കീ. 31:1) എന്നു പ്രാർത്ഥിക്കുക. ●

കവിത

## ആർ നമുക്കു വേ?

*പഞ്ചചാമരം* *കെ.ജെ.ജോർജ്,*

*അയച്ചതാരെ നമ്മൾ പേരിലാരുതന്നെ പോയിട്ടും*
*ഉരച്ചു ദൈവത്രിത്വ ബുദ്ധി മർത്യരക്ഷലക്ഷ്യമായ്*
*പുറപ്പെടാം ഭവദ്പ്രസാദമൊത്തുമൽ പ്രവർത്തനം*
*നടത്തിടാം. ഉരച്ചതാരു ദൈവപുത്രനല്ലയോ*

*ജഢത്തിലെ പ്രതാപമോഹദൃഷ്ടിപാപഹേതുകം*
*മരിച്ചുയിർത്ത ജീവനാഥനേശു പാപനാശകൻ*
*പറഞ്ഞിടാനൊരുക്കമാർന്നിറങ്ങിടാൻ മനുഷ്യരെ*
*തിരഞ്ഞിടുന്നു. ദൈവമിന്നുമെന്നുമാരുപോയിടും*
*ലഭിച്ച ജീവിതം ശരിക്കുലാഭമാവതെങ്ങനെ?*
*നമുക്കു ജീവനാണു ക്രിസ്തു മൃത്യുവേറെ ലാഭവും*
*പിടിച്ചകൊച്ചുമീനിനെക്കൊരുത്ത കൊച്ചുചൂണ്ടലിൽ*
*പെരുത്ത മീനിനെപ്പിടിച്ചെടുത്തമട്ടുതന്നെയാം*
*കടൽക്കരയ്ക്കു മുക്കുവർക്കു കിട്ടിയാ നിദേശമോ*
*വെടിഞ്ഞു കൊൾവലക്കയർ, മനുഷ്യരെപ്പിടിക്കുവിൻ*
*പിശാചു വച്ച മോഹമാം വലയ്ക്കകം നശിപ്പിലാം*
*നിലയ്ക്കു മർത്യരായിടാതെ കാക്കുവാനിറങ്ങിടാം*

*ഇരുട്ടിലാണുലോകമത്രയും കിടപ്പതാനിലയ്*
*ക്കറിഞ്ഞതാം വെളിച്ചമായവന്റെ ദൂതുഘോഷണം*
*നടത്തുവാൻ വിളിച്ചതായ് ഗ്രഹിച്ചുനാമിറങ്ങിയാൽ*
*നടത്തിടും കരുത്തെഴും കരത്തിനാൽ പിടിച്ചുതാൻ*


*വിളിച്ചവന്റെ സദ്ഗുണപ്രഘോഷണം വഴിക്കഹോ*
*വെളിച്ച ബോധമങ്ങുദിക്കണം, പലർക്കു രക്ഷയായ്*
*ഭവിക്കണം, നിതാന്തബന്ധമീശനോടിരിക്കണം,*
*ഗണിക്കണം, സമസ്ത ലോക മേന്മകൾ നിഴൽസമം*

## മാധ്യമ സംസ്കാരം

സംവേദന മാധ്യമങ്ങൾ ഇന്നത്തെ ജീവിതത്തിൽ അഭിവാജ്യഘടകമാണ്. ഈ മേഖലയിലുള്ള അത്ഭുതാവഹമായ പുരോഗതി ഭൂഗോളത്തെ ഗ്രാമമാക്കി മാറ്റിയിരിക്കുന്നു. പരിഷ്കൃത രാജ്യങ്ങൾ പത്രങ്ങൾക്ക് ആശയപ്രകടന സ്വാതന്ത്ര്യം അവരുടെ ഭരണഘടനയിൽ ഉറപ്പിച്ചിട്ടുണ്ട്. പത്രങ്ങൾ സമൂഹത്തിന്റെ വേട്ടനായ്ക്കളാണ്. പത്രങ്ങളുടെ മൗലികമായ സ്വാതന്ത്ര്യാവകാശം ജനങ്ങൾക്ക് വേണ്ടിയാണ്. പത്രത്തിന്റെ യതാർത്ഥ ഉടമകൾ വായനക്കാരാണ്. അവർക്ക് വേണ്ടിയാണ് പബ്ലീഷർ പണംമുടക്കുന്നതും പത്രാധിപർ എഴുതുന്നതും. ഈ ബിന്ദുവിൽ നിന്നാണ് പത്രപ്രവർത്തകരുടേയും പത്രത്തിന്റേയും സദാചാരം ഉടലെടുക്കുന്നത്. ഇത് പത്രോപനിഷത്തിലെ പ്രഥമമന്ത്രമാണ്.

ആത്മീയരംഗത്ത് പ്രവർത്തിക്കുന്ന പത്രമാസികകൾ പുറത്തുള്ള വരെക്കാൾ പത്രധർമ്മം പാലിക്കേണ്ടവരാണ്. സ്വാതന്ത്ര്യമെന്നാൽ ഉത്തരവാദിത്വം എന്നർത്ഥം. അതുകൊണ്ടാണ് പല മനുഷ്യരും സ്വാതന്ത്ര്യം വേണ്ടെന്ന് വെയ്ക്കുന്നത് (ബർണാഡ്ഷാ). മറ്റുള്ളവർക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്നവർ സ്വയം അതിന് അർഹരല്ലാതാകുന്നു (എബ്രഹാം ലിങ്കൺ). ദൈവമക്കൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടവരാണ്. ഈ സ്വാതന്ത്ര്യം ജഡത്തിന് അവസരമാക്കരുത് (ഗലാ 5:13). സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായി നടക്കണം (1. പത്രോ 2:16). പത്രത്തിന്റെ അധിപന്മാർ കയ്യിൽകിട്ടുന്നതെല്ലാം പ്രസ്സിൽ കൊടുക്കരുത്. എഡിറ്റ് ചെയ്യുന്നവനാണ് എഡിറ്റർ. പത്രത്തിനും പത്രാധിപർക്കും സ്വഭാവ മഹിമയുണ്ടായിരിക്കണം. നമ്മുടെ ഒരു മാധ്യമത്തിൽ പക്വമതികളും ബഹുമാന്യരുമായ ചില സഹോദരന്മാരെക്കുറിച്ച് പേരെഴുതി തരംതാണ വാക്കുകൾ ഉപയോഗിച്ച് ദുരാരോപണങ്ങൾ ഒരു നല്ല ദർശനമുളളവൻ എഴുതിവിട്ടത് അനേകരെ അലോസരപ്പെടുത്തി. പൊതുരംഗത്ത് മാനനീയമായ സ്ഥാനങ്ങളിൽ ഇരുന്നവരും ഇപ്പോൾ വിശ്രമജീവിതത്തിൽ ദൈവജനം നൽകിയിട്ടുള്ള ആത്മീയ ശുശ്രൂഷകൾ സ്തുത്യർഹമായി നിർവ്വഹിക്കുന്നവരുമാണ് അവർ. തങ്ങളുടെ വ്യക്തിത്വസവിശേഷത നഷ്ടപ്പെടുത്താത്തവരാകയാൽ പ്രതികരിച്ചിട്ടില്ല. പ്രതികരിക്കുകയുമില്ല. ദൈവത്തിന്റെ അഭിഷിക്തനെ നീചാ... പോ... എന്ന് കൂക്കിവിളിച്ച ശിമയിയേപ്പോലുള്ളവർ ഉദിച്ചുയർന്ന ചന്ദ്രഗോളത്തെ നോക്കി ആക്രോശിക്കുന്ന കൗലേയകങ്ങളെ ഓർപ്പിക്കുന്നു. എന്റെ അഭിഷിക്തന്മാരെ തൊടരുത് (സങ്കീ 105:15). പരസ്പര ബഹുമാനത്തോടെ ദൈവനാമമഹത്വത്തിനായി വരമൊഴി ഉപയോഗിക്കുക. പത്രാധിപന്മാർ ജാഗ്രത. ആശയങ്ങളെ വിമർശിക്കാം. ആളുകളെ വെറുതെ വിടുക. പ്രതികരണശേഷി ശേഷിപ്പുള്ള അനുവാചകർ ഇവിടെയുണ്ട് എന്നോർപ്പിച്ചുകൊള്ളുന്നു.

രാജുച്ചായനും അമ്മിണീമ്മാമ്മയും



"അമ്മിണിക്കുട്ടീ എനിക്കൊരു സംശയം! നമ്മൾ എപ്പോഴാണ് ഭാര്യഭർത്താക്കന്മാർ ആയത്?"

"എന്റെ അച്ചായാ! ഇരുപത് വർഷം കഴിഞ്ഞപ്പോഴാണോ ഈ സംശയം? നമ്മുടെ വിവാഹദിവസം എപ്പോഴും നമ്മളോർക്കാറില്ലേ"?

"ശരിയാ! എന്നാലിപ്പോൾ 'ഒരു നവീന ഉപദേശം വന്നിരിക്കുന്നു"

"അച്ചായൻ ഇതെന്താ പറയുന്നത്"?

"വിവാഹദിവസം ശുശ്രൂഷകൻ സമ്മതം ചോദിച്ചിട്ട് വരന്റെയും വധുവിന്റെയും കൈകൾ പിടിപ്പിച്ച് ഉഭയസമ്മതം ചെയ്യിച്ച് "ദൈവം നിങ്ങളെ യോജിപ്പിച്ചു" എന്നു പറഞ്ഞ് ഇരുസഭകളും, ക്ഷണിക്കപ്പെട്ടവരും, ദൈവദാസന്മാരും, ഇരുകുടുംബങ്ങളും, നവദമ്പതികളെ കർത്തൃസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുകയും രജിസ്റ്ററിൽ ദമ്പതികളും, സാക്ഷികളും, ശുശ്രൂഷകനും ഒപ്പിട്ട് പരസ്യപ്രസ്താവന ചെയ്താലും അവർ ഭാര്യാഭർത്താക്കന്മാർ ആകുന്നില്ലെന്ന്"

"ഇത് ഏതു സമുദായക്കാരുടെ പഠിപ്പിക്കലാണ്."

"നമ്മുടെ ആൾക്കാർ തന്നെ. ചില ഉപദേഷ്ടാക്കൾക്കു പ്രായം കൂടുന്തോറും നൂതന ആശയങ്ങൾ ഉരുവാകുന്നു"

"അച്ചായാ നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും എന്നല്ല്യോ അപ്പൊ. 2:17ൽ കാണുന്നത്.

"യു ആർ കറക്റ്റ്! കർത്താവിന്റെ പുനരാഗമനം അടുക്കുംതോറും അന്ത്യകാല ലക്ഷണങ്ങൾ തന്നെ!" നമുക്കു കാത്തിരിക്കാം." "അച്ചായാ പ്രായം ജ്ഞാനത്തിന്റെ മാനദണ്ഡമാണോ?" "അല്ലേ! അല്ല! അമ്മിണി കുട്ടീ! നിന്റെ വിവേകം സ്തുത്യം!"

**ദൃഷ്ടാന്തവീഥി**

## അഗ്നി രക്ഷയ്ക്കു മുഖാന്തരമായി

കപ്പൽച്ചേതത്തിൽ അകപ്പെട്ട ഒരു മനുഷ്യൻ ഉടഞ്ഞുപോയ കപ്പലിന്റെ ചില പലക കഷണങ്ങളിൽ കയറിയിരുന്നു. തന്റെ സാമാനങ്ങൾ ചിലതെല്ലാം വെള്ളത്തിൽ താണുപോകാതെ അവൻ രക്ഷിച്ചു. തിരമാലകൾ അടിച്ചു നിർജ്ജനമായ ഒരു ദ്വീപിൽ അവൻ വന്നു ചേർന്നു. കരയ്ക്കിറങ്ങി ഒരു ചെറിയ കുടിൽ കെട്ടിയുണ്ടാക്കി അതിൽ അവൻ ചില ദിവസങ്ങൾ കഴിച്ചുകൂട്ടി. തന്നെ രക്ഷിക്കേണ്ടതിനു ആരെയെങ്കിലും അയക്കേണമേ എന്നു അവൻ പ്രാർത്ഥിക്കുക പതിവായിരുന്നു. ഒരു ദിവസം ആ ദ്വീപിൽ ഭക്ഷണത്തിനുപയോഗിമുള്ള വല്ല കിഴങ്ങുകളെങ്കിലും ഉണ്ടോ എന്നു അവൻ തേടി നടന്നു. തിരികെ തന്റെ കുടിലിലേക്കു വരുമ്പോൾ കുടിലിനു തീ പിടിച്ചു അഗ്നി മുകളിലേക്കു ഉയരുന്നതു കണ്ട് നിരാശാനിമഗ്നനായി അവിടെ ഒരു വൃക്ഷത്തണലിൽ ഇരിക്കുമ്പോൾ ഒരു കപ്പൽ ആ ദ്വീപിൽ വന്നടുത്തു. കപ്പലിന്റെ സമീപത്തേക്കു അവൻ ഓടിയെത്തി. കപ്പിത്താൻ അവനോടു ഇപ്രകാരമാണ് പറഞ്ഞത്. ''ഈ ദ്വീപിൽ ആൾപാർപ്പില്ലെന്നു എനിക്കറിയാം. എന്നാൽ തീ കത്തുന്നതും അതിന്റെ പുക ആകാശത്തിലേക്കു ഉയരുന്നതും കണ്ടപ്പോൾ ഇവിടെ ആരെങ്കിലും കടലിൽ നിന്നു രക്ഷപ്പെട്ട് വിമോചനത്തിനായി കാത്തിരിക്കുന്നവരുണ്ടായിരിക്കുമെന്നു ഞാൻ തീർച്ചയാക്കി". ദൈവം തന്റെ പ്രാർത്ഥനകേട്ടതിൽ അവൻ ഏറ്റവും സന്തോഷിച്ചു.

## യഥാർത്ഥ പ്രാർത്ഥന എന്താണ്?

*ജോൺ ബനിയൻ*

ദൈവഹിതത്തിന് വിശ്വാസത്താൽ വിധേയപ്പെട്ട് ദൈവീക വാഗ്ദാനങ്ങൾ അവകാശപ്പെടുത്തുന്നതിന് വേണ്ടിയും സഭയുടെ നന്മക്ക് വേണ്ടിയും പരിശുദ്ധാത്മാവിന്റെ ശക്തിയാലും സഹായത്താലും ക്രിസ്തു മുഖാന്തിരം ദൈവമുമ്പാകെ ഹൃദയപരമാർത്ഥതയോടും സ്നേഹ പാരവശ്യത്തോടും കൂടെ ഹൃദയത്തെ പകരുന്നതാണ് പ്രാർത്ഥന

ഈ വിവരണത്തിൽ ഏഴു കാര്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

1. ഹൃദയപരമാർത്ഥന. 2) വിവേചാബോധം 3) ക്രിസ്തുമൂലം സ്നേഹപാരവശ്യത്തിലുള്ള ഹൃദയം പകരുന്നത്. 4) പരിശുദ്ധാത്മശക്തിയും സ ഹായവും.5) ദൈവിക വാഗ്ദാനങ്ങൾ അവകാശപ്പെടുന്നത് 6) സഭയുടെ നന്മ. 7) ദൈവഹിതത്തിന് വിശ്വാസത്താലുള്ള വിധേയത്വം

## അവസരോക്തി

കർമണ്യേവാധികാരസ്തേ
മാഫലേഷു കദാചന
മാകർമഫലഹേതുർഭു
മാതേസംഗോസ്ത്വകർമണി

ദൃഢാഗ്രഹത്തോടെ ശുഭാപ്തി വിശ്വാസിയായി വിവേകപൂർവ്വം ആസൂത്രണം ചെയ്ത് സ്വശ്രയബോധമുള്ളവനായി സമയം ഉചിതമായി ക്രമീകരിച്ച് അനുഭവജ്ഞാനത്തിൽ നിന്നും വിവേകവും പ്രായോഗികബുദ്ധിയും നേടി പരാജയങ്ങളിൽ പതറാതെ ഉത്സാഹശാലിയായി ധാർമിക ബോധത്തോടെ തന്റെയും സമൂഹത്തിന്റെയും ശ്രേയസ്സ് ലക്ഷ്യമാക്കി അധ്വാനിക്കുന്നവന് സന്തോഷവും സംതൃപ്തിയും ലഭിക്കുന്നു. അവന്റെ വ്യക്തിത്വം വികസിക്കുന്നു. ലോകം ആദരിക്കും. കർമത്തിലേ നിനക്കധികാരമുള്ളൂ. കർമഫലത്തിൽ ഒരിക്കലും അധികാരമില്ല. പ്രവൃത്തികൾക്ക് അവയുടെ ഫലം കാരണമാവരുത്. കർമം ചെയ്യാതിരിക്കാനുള്ള പ്രേരണ നിനക്കുണ്ടാവരുത്.

# സഭയുടെ കാര്യങ്ങൾക്ക് സഭാനാഥൻ മതിയായവൻ

തുടർച്ച

ഉണ്ടായപ്പോൾ "ഞങ്ങൾ നിന്ദിക്കപ്പെടുവാൻ പാടില്ല, ഞങ്ങളുടെ അവകാശങ്ങളെല്ലാം നേടിയെടുക്കണം. ഞങ്ങൾ കളിയാക്കപ്പെടുവാൻ പാടില്ല, ഞങ്ങൾ ഇന്ത്യൻ പൗരന്മാരാണ്, ഞങ്ങൾ പരിഹസിക്കപ്പെടുവാൻ പാടില്ല" എന്നുള്ള വാക്കുകൾ ഉണ്ടാകുക സ്വഭാവികമാണ്. പക്ഷേ താഴെക്കുറിക്കുന്ന ചില തത്വസത്യങ്ങൾ നാം മറന്നുപോയില്ലേ?

1. ലോകത്തിലേക്കും നീതി നിഷേധിക്കപ്പെട്ടവനല്ലേ നമ്മുടെ നായകൻ? 2. സഭ വളർന്നിട്ടുള്ളത് കഷ്ടതകൾ വന്നപ്പോൾ അല്ലേ? 3. ഈ ലോകത്തിൽ ദൈവമക്കൾ സുഖിച്ച് പുളച്ച് ജീവിക്കുന്നവർ ആണോ? 4. നാം കഷ്ടവും നി ന്ദയും ദുഷിയും പരിഹാസങ്ങളും അനുഭവിപ്പാൻ തിരഞ്ഞെടുക്കപ്പെട്ടവർ അല്ലേ? 5. ഈ ലോകം ന മ്മെ വെറുക്കും, കാരണം നാം ഈ ലോകക്കാർ അല്ല. 6. കർത്താവിന്റെ കഷ്ടാനുഭവങ്ങളെ ഏറ്റവും കൂടുതൽ ധ്യാനിക്കുന്നവരായ നാം കഷ്ടതയുടെ പേരുപോലും പറയുവാൻ എന്തുകൊണ്ട് മടിക്കുന്നു?

യിസ്രായേൽ മക്കൾ അന്ന് പ്രവാചകനായ ശമുവേലിനോട് പറഞ്ഞതുപോലെ അല്ലേ നാമും ഇന്ന് ദൈവത്തോട് പറയുന്നത്. മറ്റുള്ളവർക്കുള്ളതുപോലെ, (പുറംജാതികൾക്കുള്ളതുപോലെ), സമുദായങ്ങൾക്കുള്ളതുപോലെ, ചില സംഘടനകൾ നമ്മെ നയിക്കുവാനും, നേതൃത്വം നൽകുവാനും എന്നല്ലേ നാമും ആഗ്രഹിക്കുന്നത്? കഴിഞ്ഞ 2000 വർഷക്കാലം സഭകളെ നയിച്ച ദൈവത്തിന്റെ കരം കുറുതായിപ്പോയോ? നമ്മുടെ പി താക്കന്മാർ വേണ്ട എന്നു പറഞ്ഞ സംഘടനകളും, പ്രസ്ഥാനങ്ങളും, സമുദായനേതൃത്വങ്ങളും നാം വീണ്ടും എടുക്കുവാൻ പോകുകയാണോ? ഭൗമീക സംഘടനയ്ക്ക് ആ ത്മിക സഭയുടെ പ്രശ്നങ്ങൾ തീർക്കുവാൻ കഴിയുമോ? സഭ പ്രാ ർത്ഥിക്കേണ്ട, സഭാമൂപ്പന്മാർ കരയേണ്ട, സുവിശേഷകർ ഭാരപ്പെടേണ്ട, ഞങ്ങളോട് പറഞ്ഞാൽ മതി, ഞങ്ങൾ അവയെല്ലാം തീർത്തു തരാം എന്നു അവകാശവാദം മുഴക്കുന്ന സംഘടനകൾ വരെ ഇന്നില്ലേ? പണ്ടൊരാൾ കർത്താവിനോട് പറഞ്ഞത് ഓർമ്മ വരുന്നു. 'വീണ് എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്ക് തരാം' (ക്രൂശ് ഇല്ലാതെ സകല പ്രശ്നങ്ങൾക്കും പരിഹാരമാണ് പിശാച് പറഞ്ഞു കൊടുത്തത്

എന്ന് നാം മറക്കരുതേ!). ദൈവസഭ മുട്ടിന്മേൽ നിന്ന് പ്രാപിക്കേണ്ടിയ പ്രശ്നപരിഹാരം സംഘടനയോ ചില വ്യക്തികളോ നൽകാം എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ കത്തൃത്വത്തെയും പ്രവർത്തന മണ്ഡലത്തെയും നാം ചോദ്യം ചെയ്യുകയാണ്. നമ്മുടെ സകല പ്രശ്നങ്ങളിലും സ്വർഗ്ഗം ഇടപെട്ട് പരിഹാരം കാണണം. വളരെ നിർഭാഗ്യകരം എന്നു പറയട്ടെ, സകല പ്രശ്നപരിഹാരത്തിനുമായി ദൈവം തന്നിരിക്കുന്ന 'മുട്ട്' ഉപയോഗിക്കുവാൻ നാം മറന്നുപോകുന്നു. കണ്ണുനീർ പൊഴിക്കുന്നത് നാം വിട്ടുകളഞ്ഞു. ഇന്ന് കേരളത്തിലെ സകല സഭാനേതൃത്വത്തിന്റെയും കണ്ണുനീർ എടുത്താൽ ആ കണ്ണുനീർ ഒരു തുടം കാണുമോ? 'ഇല്ല' കാന്തന്റെ പാദത്തിൽ വീഴുന്നതിനു പകരം രാഷ്ട്രീയ നേതാക്കന്മാരെ പരിചയമുള്ള നേതൃത്വനിരയെ നാം സ്വാഗതം ചെയ്യുന്നു. സഭയുടെ പ്രശ്നപരിഹാരം രാഷ്ട്രീയമായിട്ടല്ല നേരിടേണ്ടത് എന്ന് നാം മറന്നുകളഞ്ഞു. കഴിഞ്ഞ നാളുകളിൽ കേരളത്തിൽ ഉണ്ടായ പ്രശ്നപ്രയാസങ്ങൾക്കുവേണ്ടി സഭകളായി നാം കരയണം എന്ന് എത്ര നേതാക്കന്മാർ സഭകളോട് ആഹ്വാനം ചെയ്തു.? പ്രിയരേ, ഈ നാളുകളിൽ നാം നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് സഭകളായി ദൈവത്തിന്റെ പാദപീഠത്തിൽ വീഴുക. കർത്താവ് നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണട്ടെ. സ്വർഗ്ഗം നമ്മുടെ പ്രയാസങ്ങളിൽ ഇടപെടട്ടെ. ശരീരത്തിന് ഉപദ്രവം ഉണ്ടാകുമ്പോൾ തലയോട് അല്ലേ നാം പറയേണ്ടത്.?

സഭയുടെ പ്രശ്നം പരിഹരിക്കേണ്ടിയവൻ പരിഹരിക്കുമ്പോഴേ പരിഹരിക്കപ്പെടുകയുള്ളൂ. അല്ലാതെ സമുദായ രാഷ്ട്രീയ കരങ്ങൾ അല്ല നമ്മെ നടത്തേണ്ടിയത്. ഇന്ന് നാം കാണുകയും കേൾക്കുകയും ചെയ്യുന്നതിൽ നിന്നും ഒരു കാര്യം നമുക്ക് വ്യക്തമായി മനസ്സിലാക്കാം. ദൈവസഭ ദൈവീക വഴി വിട്ട് ഒത്തിരി ഒത്തിരി പിൻപോട്ട് പോയിരിക്കുന്നു. ആത്മീയഭാരം ഇല്ലാത്ത ഒരു നേതൃത്വ നിരയെ നമുക്ക് ലഭിക്കുന്നുവോ എന്ന് സംശയിക്കുന്നു. നമ്മെ വിട്ടു കടന്നുപോയ നേതൃത്വനിരയിലെ ദൈവദാസന്മാർ ഇന്ന് ഉണ്ടായിരുന്നുവെങ്കിൽ ഇങ്ങനെ ഉള്ള സംഘടനകളുടെ പേരു പോലും നമ്മുടെ ഇടയിൽ കേൾക്കുകയില്ലായിരുന്നു.

അതുകൊണ്ട് പ്രിയരെ, സംഘടനകളെ ഉപേക്ഷിച്ച് നമുക്ക് സഭകളായി വളരാം. നമുക്ക് സംഘടനകൾ അല്ല വേണ്ടിയത്., പ്രത്യുത, 1000 പ്രാദേശിക സഭകൾ ആണ് വേണ്ടിയത്. സംഘടനകളെ ചൊല്ലിയുള്ള ഭാരം വേണ്ട, പ്രത്യുത സഭകളെ ഓർത്ത് നമുക്ക് നെടുവീർപ്പിടാം. സംഘടനക്കാർ ചിരിക്കുന്നതിനു പകരം സഭാനേതൃത്വം കരയട്ടെ. സംഘടനക്കാർ തങ്ങളുടെ പേരും പെരുമയും വളർത്തുമ്പോൾ നമുക്ക് നമ്മെതന്നെ ദൈവസന്നിധിയിൽ താഴ്ത്താം. ഈ സാഹചര്യത്തിൽ നിന്നുള്ള വിടുതലിന് ഒരേ ഒരു പരിഹാരമേയുള്ളൂ. നെഹമ്യാവ് ചെയ്യുന്നതുപോലെ മുഴുവൻ സഹോദര വർഗ്ഗത്തിന്റെയും പാപങ്ങളെ വഹിച്ച് നമുക്ക് സഭയായി കർത്താവിന്റെ പാദപീഠത്തിൽ വീഴാം.


സംഘടനകൾ സഭകളെ നിയന്ത്രിക്കുവാൻ തുടങ്ങുമ്പോൾ സഭയിൽ ജഡീകന്മാർ വളരും, സഭയുടെ കാഴ്ചപ്പാട് നഷ്ടപ്പെടും, വളർച്ചയില്ലാതെയാകും, പിന്നീട് ദൈവകോപത്തിന് പാത്രമായിത്തീരും. (തീർച്ച.)

# വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് കൂടെ മഹത്വത്തിൽ

**മൈലപ്ര** : കരുവഞ്ചേരിൽ കെ.എ.ഫിലിപ്പ് സാറിന്റെ മകൻ ജസ്റ്റിൽ ഫിലിപ്പിന്റെ ഭാര്യ സൂസൻ (41) നിര്യാതയായി. മൈലപ്രശാലേം സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. മകൾ ലിഡിയ.




**പുത്തൻകാവ്** : ഇടശ്ശേരിമോടിയിൽ ചാക്കോ ഫിലിപ്പിന്റെ മകൻ അനീഷ് തോമസ് ജേക്കബ് (42) ഡിസം 6 ചൊവ്വാഴ്ച നിര്യാതനായി. ഏതാനും വർഷങ്ങൾ കാൻസറിനു ചികിത്സയിൽ പ്രത്യാശയിൽ തുടർന്നു. ദുബായ് അനോർക്കോ മാനേജരായിരുന്നു. ഭാര്യ മഴുക്കീർ ചന്ദനപ്പള്ളിൽ ബ്ലസി മകൻ ജയ്റസ്.



**മല്ലപ്പള്ളി** : പവ്വത്തിക്കുന്നേൽ ചേറ്റുതടത്തിങ്കൽ മാത്യു ഏബ്രഹാം (80) നിര്യാതനായി. ഡിസം. 8 വ്യാഴാഴ്ച സ്ഥലം സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. മക്കൾ നാൻസി, പ്രിൻസി, ഷാജു, ഭാര്യ പരേതയായ ലീലാമ്മ

**നെല്ലിക്കുന്ന്** : വടക്കൻ വീട്ടിൽ വി.ടി.വർഗ്ഗീസ് (ബേബി 80) തൃശ്ശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ജൂനിയർ സൂപ്രണ്ട് ആയിരുന്നു. ബ്രദറൺ എൽഡറും സുവിശേഷവേല, ബാലസംഘം, ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റ് എന്നിവയുടെ പ്രധാനപ്രവർത്തകനായിരുന്നു. ഭാര്യ പി.വി.കൊച്ചുമാർത്ത, ( റിട്ട.ഗവ അദ്ധ്യാപികയും, ലേഖികയും) മക്കൾ ജെസ്സി, മരുമകൻ വി.വി.പൗലോസ് ( മലയാള മനോരമ, കൊച്ചി)





**കോയിപ്രം** : ഏഴുമാലിൽ മട്ടക്കൽ എം.എസ്.ജോസ് (66) നിര്യാതനായി. പാറത്തോട്ടിലുള്ള സംസ്കാര ശുശ്രൂഷ കഴിഞ്ഞ് കോയിപ്രം ബ്രദറൺ ഹാളിലെ ശുശ്രൂഷകൾക്കു ശേഷം സ്ഥലം സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ പാറത്തോട് വടക്കനാത്ത് പൊന്നമ്മ. മക്കൾ. സാം ജോസ്, മേരി ജോസ്, സഹോദരങ്ങൾ ശോശാമ്മ മാത്യു,എം.എസ്.മാത്യു, എം.എസ്.ജേക്കബ്, ശാമുവൽ കുര്യൻ, എം.എസ്. ഏബ്രഹാം, എം.എസ്.റോയി



**മണ്ണാരക്കുളഞ്ഞി.** : ബ്രദറൺ സഭാ ശുശ്രൂഷകൻ പി.ഇ.ഏബ്രഹാം നിര്യാതനായി. 24 ശനിയാഴ്ച മൈലപ്ര ശാലേം സഭാ സെമിത്തേരിയിൽ സംസ്ക്കാരം നടത്തി. മക്കൾ. ബേബിക്കുട്ടി (മുംബൈ) ജോർജ്ജുകുട്ടി (ഷാർജ) സാംകുട്ടി (ദുബായ്) കുഞ്ഞമ്മ, തങ്കമ്മ, കുഞ്ഞന്നാമ്മ, തോമസ്ക്കുട്ടി, ലില്ലി. ദൈവം നൽകിയ കർത്തൃവേല വിശ്വസ്തതയോടെ ചെയ്ത ഒരു ദൈവദാസനായിരുന്നു.



**കുമളി**: മേഴ്സി ഹോമിൽ കെ.വി.മത്തായി സാർ (80) നിര്യാതനായി. ഗവ. ജോലിക്കായി 1956-ൽ കുമളിയിൽ എത്തി. കുമളിയിൽ ഒരു സഭയുണ്ടാകുവാൻ പ്രയത്നിച്ചു. ഹൈറേഞ്ചിലെ പ്രവർത്തനങ്ങളുടെ പിന്നിൽ പ്രോത്സാഹിപ്പിച്ചു. ഭാര്യ ഏലിയാമ്മ ടീച്ചർ.

# കെ.വി.മത്തായിസാർ ഒരു സ്നേഹാനുസ്മരണം

കുമളി സഭാ എൽഡർ കെ.വി.മത്തായിസാർ (80) നിര്യാതനായി. തിരുവല്ലകുന്നം പള്ളി പറമ്പിൽ കുടുംബാഗമായ ഇദ്ദേഹം ഗവ. ജോലിക്കായി ഹൈറേഞ്ചിൽ 1956 ൽ എത്തി. കുമളിയിൽ വന്ന നാൾ മുതൽ ബ്രദറൺ കൂടി വരവിനുവേണ്ടി മുൻപന്തിയിൽ പ്രവർത്തിച്ചു. കുമളിയിലും ഹൈറേഞ്ചിലെ പ്രവർത്തനങ്ങളിലും ഈ കുടുംബം പിൻബലവും മുതൽക്കൂട്ടും ആയിരുന്നു. 1970 ൽ അദ്ദേഹത്തിന്റെ ഭവനത്തിൽ ചെല്ലുകയും സ്ഥലം സഭയിൽ ആരാധിക്കുകയും ചെയ്തു. 1974 ൽ ഞാൻ സകുടുംബം കാഞ്ചിയാറിൽ വന്നപ്പോളും തുടർന്ന് ബ്രദറൺ ഗോസ്പൽ ടീം ഉളവായപ്പോഴും മത്തായിസാറിന്റെ സഹകരണവും ഉപദേശങ്ങളും ലഭിച്ചു. വിസ്തൃതമായ ഇടുക്കി ജില്ലയിലെ സുവിശേഷ പ്രവർത്തനങ്ങൾ വിപുലമാക്കാൻ ദൈവാത്മാവ് നൽകിയ നിർദ്ദേശമായി വൈ.എം.ഇ.എഫ്. ന്റെ ഒരു ഡിവിഷൻ ഉണ്ടാക്കുവാൻ കട്ടപ്പനയിൽ മർച്ചന്റ് അസോസിയേഷന്റെ ഹാളിൽ സ്ഥലം സഭകളെ ക്ഷണിച്ച് ഹൈറേഞ്ച് വൈ.എം.ഇ.എഫ്. ആരംഭിച്ചു. 1978 ൽ കുമളിയിൽ നടന്ന ബ്രദറൺ ഗോസ്പൽ ടീം ക്യാമ്പിൽ വച്ച് വൈ.എം.ഇ.എഫ്. ഹൈറേഞ്ച് ഡിവിഷൻ എം.ഇ.ചെറിയാൻ സാർ ഉദ്ഘാടനം നടത്തി ഇതിനൊക്കെയും എനിക്ക് പ്രിയ മത്തായിസാറിന്റെ പിൻബലമുണ്ടായിരുന്നു. ഹൈറേഞ്ചിൽ നടന്ന ചരമശുശ്രൂഷയിൽ - ദൈവദാസന്മാർ, സഭാജനങ്ങൾ, ഇതരസഭാംഗങ്ങൾ, പാസ്റ്റർമാർ, പുരോഹിതർ, രാഷ്ട്രീയക്കാർ, ഉദ്യോഗസ്ഥർ, എന്നിങ്ങനെ നാനാജനങ്ങൾ സംബന്ധിച്ച ഒരു വിപുലമായ യാത്രഅയപ്പായിരുന്നു മത്തായിസാറിന് ലഭിച്ചത്. ഈ പ്രിയ ജേഷ്ഠസഹോദരനിൽ നിന്ന് ലഭിച്ച സ്നേഹവും, സഹകരണങ്ങളും ഹൈറേഞ്ച് ബ്രദറൺ സഭാവളർച്ചയുടെ ചരിത്രം രചിച്ച മൊർദ്ദെഖായിമാരിൽ ശ്രേഷ്ടനും ജനസമൂഹത്തിലും ബഹുമാന്യനും ആയിരുന്നു. എനിക്ക് ബലഹീനതയുണ്ടെങ്കിലും എന്റെ കടപ്പാട് ചെയ്യുവാൻ കൂട്ടു സഹോദരന്മാരോടു കൂടെ മേഴ്സിഹോമിലെത്തി ഒരു അനുസ്മരണവും വചനത്തിൽ നിന്ന് ചെറുമിനിട്ടുകൾ പറയുവാനും സെമിത്തേരിയിൽ വിട പറയുവാനും ഭാഗ്യമുണ്ടായി. അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണകളുടെ നന്ദിയും പ്രോത്സാഹനങ്ങളും സ്മരിച്ച് ദൈവത്തിനു സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

*- കെ.സി.മാത്യു*

Printed & Published by K.C. Mathew, Mizpha, Pampady, Kottayam
Design, Layout & Printed at Geo Offset, Manarcad, Kottayam
Postal Registration No. KL/KTM/278/2009-11
Posted at R.M.S. Kottayam on 30.12.2011

To,
Mr./Mrs./Sri.

From
K.C. Mathew, P.B. No.8
Pampady, Kottayam, Ph: 0481-2508589
PIN: 686 502. E-mail: highrangeecho@gmail.com